

സ്വാമി ശരണം

# അയ്യപ്പവാണി

अय्यप्पवाणि വെബ് വാർത്താമാസിക

**ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)**

പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008

അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൽ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.

വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com

ക്രമ നം. അയ്യപ്പവാണി – 12/2023
(ഉത്രം പതിപ്പ്)
വ്യാഴാഴ്ച, 09 നവമ്പർ 2023.
(23 തുലാം 1199)
യുഗാബ്ദം 5125



- സ്വാമി അയ്യപ്പ ശരണാവലികൾ.
- ശബരിമല പുതിയ മേൽശാന്തിമാർ
- ശബരിമലയും ഞാനും – ഭാഗം 4 : മധു കാടാമ്പുഴ
- ഹരികന്യക (മോഹിനി) ക്ഷേത്രം, ഗുരുവായൂർ.
- വിജയദശമി സന്ദേശം – RSS സർസംഘചാലക് ശ്രീ. മോഹൻ ഭഗവത്.
- വിജയദശമി സന്ദേശം – മാതാ അമൃതാനന്ദമയി ദേവി.
- വിഷ്ണുസഹസ്ര നാമത്തിലൂടെ വിഷ്ണുപുത്രനിലേക്ക്
- ഗീതാശ്ലോകങ്ങൾ : അദ്ധ്യായം 2– (51 – 55)
- സുഭാഷിതം – 47
- ക്വിസ് – 32
- ശ്രദ്ധാഞ്ജലി – മാന്യ ആർ. ഹരി.
- വാർത്തകൾ


# സ്വാമി ശരണം – പ്രധാനപ്പെട്ട ശരണഘോഷങ്ങൾ




**അ,ആ:**

1. അന്നദാന പ്രഭുവേ ശരണമയ്യപ്പാ
2. അഖിലാണ്ഡകോടി ബ്രഹ്മാണ്ഡനായകനേ ശരണമയ്യപ്പാ
3. അനാഥ രക്ഷകനേ ശരണമയ്യപ്പാ
4. അച്ചൻകോവിലരശനേ ശരണമയ്യപ്പാ
5. അഴുതാ നദിയേ ശരണമയ്യപ്പാ
6. അഴുതാമല കയറ്റമേ ശരണമയ്യപ്പാ
7. അറിവില്ലാ പൈതങ്ങളാണ് ഭഗവാനേ ശരണമയ്യപ്പാ
8. അറിവും ബോധവും നൽകണേ ശരണമയ്യപ്പാ
9. അരവണ പ്രിയനേ ശരണമയ്യപ്പാ
10. അപ്പ പ്രിയനേ ശരണമയ്യപ്പാ
11. അപ്പാച്ചി മേടേ ശരണമയ്യപ്പാ
12. ആപത് ബാന്ധവനേ ശരണമയ്യപ്പാ
13. ആശ്രിത വത്സലനേ ശരണമയ്യപ്പാ
14. ആനന്ദ ദായകനേ ശരണമയ്യപ്പാ
15. ആര്യങ്കാവ് അയ്യനേ ശരണമയ്യപ്പാ
16. ആർത്തത്രാണ പരായണനേ ശരണമയ്യപ്പാ
17. ആശ്രയദായകനേ ശരണമയ്യപ്പാ

**ഇ,ഈ:**

18. ഇഞ്ചിപ്പാറ കോട്ടയേ ശരണമയ്യപ്പാ
19. ഇടതും വലതും കാക്കണം ഭഗവാനേ ശരണമയ്യപ്പാ
20. ഇരുമുടി പ്രിയനേ ശരണമയ്യപ്പാ
21. ഈശനുമാബാലകനേ ശരണമയ്യപ്പാ
22. ഈരേഴുലകിനുമധിപതിയേ ശരണമയ്യപ്പാ

**ഉ, ഊ:**

23. ഉത്രം നക്ഷത്ര ജാതകനേ ശരണമയ്യപ്പാ
24. ഉരൽക്കുഴി തീർത്ഥമേ ശരണമയ്യപ്പാ
25. ഉണ്ട വഴിപാടേ ശരണമയ്യപ്പാ
26. ഊമക്ക് അരുൾ പുരിന്തവനേ ശരണമയ്യപ്പാ

**എ,ഏ,ഐ:**

27. എങ്ങും നിറഞ്ഞ പൊരുളേ ശരണമയ്യപ്പാ
28. എരുമേലി ശാസ്താവേ ശരണമയ്യപ്പാ
29. എരുമേലി പേട്ടയേ ശരണമയ്യപ്പാ

30. എൻ ഗുരുനാഥനേ ശരണമയ്യപ്പാ
31. എങ്കൾ കുലദൈവമേ ശരണമയ്യപ്പാ
32. ഏറ്റമാനൂരപ്പൻ മകനേ ശരണമയ്യപ്പാ
33. ഏകാന്തവാസനേ ശരണമയ്യപ്പാ
34. എനിക്കുൾ വിളങ്ങണം സ്വാമിയേ ശരണമയ്യപ്പാ
35. ഏഴൈപങ്കാളനേ ശരണമയ്യപ്പാ

ഒ,ഓ,ഔ:

36. ഓങ്കാര പരം പൊരുളേ ശരണമയ്യപ്പാ

ക,ഖ,ഗ,ഘ,ങ:

37. കന്നിമൂല ഗണപതി ഭഗവാനേ ശരണമയ്യപ്പാ
38. കലിയുഗവരദനേ ശരണമയ്യപ്പാ
39. കൺകണ്ട ദൈവമേ ശരണമയ്യപ്പാ
40. കാനനവാസനേ ശരണമയ്യപ്പാ
41. കറുപ്പസ്വാമിയേ ശരണമയ്യപ്പാ
42. കല്ലിടാം കുന്നേ ശരണമയ്യപ്പാ
43. കല്ലിട്ടു വന്ദനമേ ശരണമയ്യപ്പാ
44. കരിമല കയറ്റമേ ശരണമയ്യപ്പാ
45. കരിമല ഇറക്കമേ ശരണമയ്യപ്പാ
46. കാത്തുരക്ഷിക്കണം ഭഗവാനേ ശരണമയ്യപ്പാ
47. കാളകെട്ടിയാസ്ഥാനമേ ശരണമയ്യപ്പാ
48. കരിയിലാം തോടേ ശരണമയ്യപ്പാ
49. കുളത്തൂർ പുഴ ബാലകനേ ശരണമയ്യപ്പാ
50. കർപ്പൂര ദീപ പ്രിയനേ ശരണമയ്യപ്പാ
51. ഗുരുവായൂരപ്പനേ ശരണമയ്യപ്പാ
52. ഗണപതി സോദരനേ ശരണമയ്യപ്പാ
53. കാരുണ്യ മൂർത്തിയേ ശരണമയ്യപ്പാ
54. കലികാലമൂർത്തിയേ ശരണമയ്യപ്പാ
55. ഗുരുവിൻ ഗുരുവേ ശരണമയ്യപ്പാ
56. ഗുരുദക്ഷിണ കൊടുത്തവനേ ശരണമയ്യപ്പാ

ച,ഛ,ജ,ഝ,ഞ:

57. ചോറ്റാനിക്കരയമ്മയേ ശരണമയ്യപ്പാ
58. ചെറിയാന വട്ടമേ ശരണമയ്യപ്പാ
59. ജ്ഞാന സ്വരൂപനേ ശരണമയ്യപ്പാ
60. ജ്യോതി സ്വരൂപനേ ശരണമയ്യപ്പാ

ത,ഥ,ദ,ധ,ന:

61. താരകബ്രഹ്മമേ ശരണമയ്യപ്പാ
62. ദിവ്യ ദർശനം നൽകേണമേ ശരണമയ്യപ്പാ
63. ധർമ്മ സ്വരൂപനേ ശരണമയ്യപ്പാ
64. ധർമ്മസംരക്ഷകനേ ശരണമയ്യപ്പാ
65. നീലിമല കയറ്റമേ ശരണമയ്യപ്പാ
66. നെയ്യഭിഷേക പ്രിയനേ ശരണമയ്യപ്പാ
67. നിത്യ ബ്രഹ്മചാരിയേ ശരണമയ്യപ്പാ
68. നീലവസ്ത്രധാരിയേ ശരണമയ്യപ്പാ
69. തത്ത്വമസിപ്പൊരുളേ ശരണമയ്യപ്പാ
70. തുളസീമാലാധരനേ ശരണമയ്യപ്പാ
71. നാഗരാജാവേ ശരണമയ്യപ്പാ
72. നല്ലവഴി കാട്ടിതരേണം ഭഗവാനേ ശരണമയ്യപ്പാ
73. തുരഗ വാഹനനേ ശരണമയ്യപ്പാ
74. ദേഹബലം തരണം ഭഗവാനേ ശരണമയ്യപ്പാ
75. ദേവാദിദേവനേ ശരണമയ്യപ്പാ

## പ,ഫ,ബ,ഭ,മ:

76. പന്തളരാജാവേ ശരണമയ്യപ്പാ
77. പന്തളരാജ കുമാരനേ ശരണമയ്യപ്പാ
78. പമ്പാവാസനേ ശരണമയ്യപ്പാ
79. പമ്പാ ഗണപതിയേ ശരണമയ്യപ്പാ
80. പമ്പാനദിയേ ശരണമയ്യപ്പാ
81. പമ്പയിൽ സ്നാനമേ ശരണമയ്യപ്പാ
82. പമ്പാ സദ്യയേ ശരണമയ്യപ്പാ
83. പമ്പാ വിളക്കേ ശരണമയ്യപ്പാ
84. പതിനെട്ടാം പടിക്കധിപതിയേ ശരണമയ്യപ്പാ
85. പതിനെട്ടാം പടി കയറ്റിത്തരണം ഭഗവാനേ ശരണമയ്യപ്പാ
86. പൊന്നമ്പല വാസനേ ശരണമയ്യപ്പാ
87. പൊൻ ചുരികായുധനേ ശരണമയ്യപ്പാ
88. പൊന്നിൻ കിരീട ധാരിയേ ശരണമയ്യപ്പാ
89. പൊന്നമ്പലമേടേ ശരണമയ്യപ്പാ
90. മായാമോഹിനീ സുതനേ ശരണമയ്യപ്പാ
91. മോഹന രൂപനേ ശരണമയ്യപ്പാ
92. മദഗജ വാഹനനേ ശരണമയ്യപ്പാ
93. മാളികപ്പുറത്തമ്മ ലോക മാതാവേ ശരണമയ്യപ്പാ
94. മഞ്ചമാതാവേ ശരണമയ്യപ്പാ
95. മഹിഷീ മർദ്ദനനേ ശരണമയ്യപ്പാ
96. മഹിഷിക്ക് മോക്ഷം കൊടുത്തവനേ ശരണമയ്യപ്പാ
97. മുന്നും പിന്നും കാക്കണം ഭഗവാനേ ശരണമയ്യപ്പാ
98. മോക്ഷം തരണം സ്വാമിയേ ശരണമയ്യപ്പാ
99. മന്ത്ര സ്വരൂപനേ ശരണമയ്യപ്പാ
100. മകരജ്യോതിയേ ശരണമയ്യപ്പാ
101. മാതാ പിതാക്കളേ ശരണമയ്യപ്പാ
102. പേട്ടുർത്തോടേ ശരണമയ്യപ്പാ
103. ഭസ്മ കുളമേ ശരണമയ്യപ്പാ
104. ഭൂലോക വാസനേ ശരണമയ്യപ്പാ
105. ഭൂമീ പ്രപഞ്ചനേ ശരണമയ്യപ്പാ
106. മോഹ വിനാശകനേ ശരണമയ്യപ്പാ
107. പാദബലം തരണം ഭഗവാനേ ശരണമയ്യപ്പാ
108. മുക്കുഴി താവളമേ ശരണമയ്യപ്പാ

## യ,ര,ല,വ,ശ,ഷ,സ,ഹ:

109. ഹരിഹരസുതനേ ശരണമയ്യപ്പാ
110. വലിയാന വട്ടമേ ശരണമയ്യപ്പാ
111. വേദ സ്വരൂപനേ ശരണമയ്യപ്പാ
112. സത്യ സ്വരൂപനേ ശരണമയ്യപ്പാ
113. ശക്ത സ്വരൂപനേ ശരണമയ്യപ്പാ
114. ശാന്ത സ്വരൂപനേ ശരണമയ്യപ്പാ
115. സത്യമായ പൊന്നു പതിനെട്ടാം പടിയേ ശരണമയ്യപ്പാ
116. വില്ലും വില്ലാളി വീരനേ ശരണമയ്യപ്പാ
117. വീരമണികണ്ഠനേ ശരണമയ്യപ്പാ
118. ശബരിഗിരി വാസനേ ശരണമയ്യപ്പാ
119. ശബരിക്ക് മോക്ഷം കൊടുത്തവനേ ശരണമയ്യപ്പാ
120. ശബരി പീഠമേ ശരണമയ്യപ്പാ
121. ശരംകുത്തിയാലേ ശരണമയ്യപ്പാ

122. സേവിപ്പവർക്കാനന്ദ മൂർത്തിയേ ശരണമയ്യപ്പാ
123. സുബ്രഹ്മണ്യൻ സോദരനേ ശരണമയ്യപ്പാ
124. ശ്രീ ഭൂതനാഥനേ ശരണമയ്യപ്പാ
125. ശ്രീ ധർമ്മ ശാസ്താവേ ശരണമയ്യപ്പാ
126. സ്വാമിയുടെ ഭൂതഗണങ്ങളേ ശരണമയ്യപ്പാ
127. വൈക്കത്തപ്പനേ ശരണമയ്യപ്പാ
128. വൻ പുലിവാഹനനേ ശരണമയ്യപ്പാ
129. യോഗപ്രമുഖനേ ശരണമയ്യപ്പാ
130. സങ്കടമോചകനേ ശരണമയ്യപ്പാ
131. ശരണഘോഷ പ്രിയനേ ശരണമയ്യപ്പാ
132. സർവ്വരോഗ നിവാരണ ധന്വന്തരി മൂർത്തിയേ ശരണമയ്യപ്പാ
133. സമസ്താപരാധം പൊറുക്കേണം ഭഗവാനേ ശരണമയ്യപ്പാ
134. സച്ചിദാനന്ദസ്വരൂപനേ ശരണമയ്യപ്പാ
135. ശത്രുസംഹാരമൂർത്തിയേ ശരണമയ്യപ്പാ
136. സമസ്താപരാധം പൊറുത്ത് കാത്തരുളേണം പൊന്നുസ്വാമിയേ..ശരണമയ്യപ്പാ
137. സത്യമായ പൊന്നുപതിനെട്ടാം പടിമേൽ ആടി ക്കളിച്ച വിലസും, വില്ലും വില്ലാളിവീരൻ, വീരൻ വീരമണികണ്ഠൻ, കാശിരാമേശ്വരം പാണ്ഡ്യ മലയാളം അടക്കി വാണരുളും, ഓം ശ്രീ ഹരിഹരസുതൻ, ആനന്ദചിത്തൻ, അയ്യനയ്യപ്പ സ്വാമിയേ ....

ശരണമയ്യപ്പാ !! ശരണമയ്യപ്പാ !! ശരണമയ്യപ്പാ !!

—————————————————————

(ശബരിമല അയ്യപ്പ സേവാ സമാജം നാഷ്ണൽ ജനറൽ സെക്രട്ടറി ശ്രീ. ഈറോഡ് എൻ. രാജൻ തയ്യാറാക്കിയത്)



—————————————————————

## ബ്രഹ്മശ്രീ മഹേഷ് പി.എൻ. ശബരിമല മേൽശാന്തി – ബ്രഹ്മശ്രീ മുരളി പി.ജി. മാളികപ്പുറം മേൽശാന്തി



വാർഷിക മണ്ഡല – മകരവിളക്ക് ഉത്സവ സീസൺ ആരംഭിക്കുന്നതിന് ഒരു മാസം മുമ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് ശബരിമല അയ്യപ്പക്ഷേത്രത്തി ലെയും മാളികപ്പുറം ക്ഷേത്രത്തിലെയും പുതിയ

മേൽശാന്തിമാരെ 2023 ഒക്ടോബർ 18 ബുധനാഴ്ച തിരഞ്ഞെടുത്തു.

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ഏനാനല്ലൂർ പുത്തില്ലത്തു മനയിലെ ബ്രഹ്മശ്രീ മഹേഷ് പി എൻ. അയ്യപ്പക്ഷേത്ര മേൽശാന്തിയായും, തൃശ്ശൂർ ജില്ലയിലെ തൊഴിയൂരിലെ വടക്കേക്കാട് പൂങ്ങാട്ട് മനയിലെ ബ്രഹ്മശ്രീ മുരളി പി.ജി. മാളികപ്പുറം ദേവീക്ഷേത്രത്തിലെ പുതിയ മേൽശാന്തിയായുമാണ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

തുലാം മാസത്തിലെ ഒന്നാം തിയ്യതിയായ (18 ഒക്ടോബർ) ബുധനാഴ്ച രാവിലെ ശ്രീകോവിലിനു മുന്നിൽ നടന്ന നറുക്കെടുപ്പിലൂടെ പരമ്പരാഗത രീതിയിലായിരുന്നു തിരഞ്ഞെടുപ്പ്. വൃശ്ചിക മാസത്തിലെ ഒന്നാം തിയതി (നവംബർ 17ന്) പുതിയ മേൽശാന്തിമാർ ചുമതലയേൽക്കും, ഇത് രണ്ട് മാസം നീണ്ടുനിൽക്കുന്ന കാനന ക്ഷേത്രത്തിലെ തീർത്ഥാടന കാലത്തിന് തുടക്കമാകും. ആചാരപ്രകാരം പന്തളം കൊട്ടാരത്തിലെ രണ്ട് കുട്ടികൾ ശ്രീകോവിലിനു മുന്നിൽ നറുക്കെടുത്തു.

തൃശ്ശൂർ ജില്ലയിലെ പാറമേക്കാവ് ക്ഷേത്രത്തിലെ മേൽശാന്തിയായി 2022 ഡിസംബർ മുതൽ മഹേഷ് നമ്പൂതിരി സേവനമനുഷ്ഠിക്കുന്നു. ആലുവ തന്ത്രവിദ്യാപീഠത്തിലെ പൂർവ്വ വിദ്യാർത്ഥിയും നിലവിൽ ഭരണസമിതി അംഗവുമാണ്.

ഹൈദരാബാദിലെ സോമാജിഗുഡയിലെ അയ്യപ്പസ്വാമി ക്ഷേത്രത്തിലെ മുഖ്യ പൂജാരിയായി കഴിഞ്ഞ 25 വർഷമായി സേവനമനുഷ്ഠിച്ചുവരികയാണ് മുരളി നമ്പൂതിരി.

---

## ശബരിമലയും ഞാനും – ഭാഗം 4

(ശ്രീ. മധു കാടാമ്പുഴ, ആദ്ധ്യാത്മിക പ്രഭാഷകൻ, 9846982600 )



### പതിനെട്ടാം പടി

ഹിന്ദു ധർമ്മത്തിൽ 18-ന് വളരെ പ്രാധാന്യമുണ്ട്. എല്ലാം 18-ൽ അവസാനിക്കുന്നു. പതിനെട്ട് പുരാണങ്ങൾ അതിന്റെ വലിയ ഉദാഹരണമാണ്. ശ്രുതിയും സ്മൃതിയും നമ്മിലുണർത്തുന്ന വൈകാരിക ചിന്തകൾ ധർമ്മവിശ്വാസമാണ്. തുലാമാസമായി; നമ്മൾ ശബരിമല സന്നിധാനത്തേക്ക് പോകാൻ തയ്യാറാവുന്ന സന്ദർഭത്തിൽ ആണ്. നമ്മൾ നമ്മേ തന്നെ തിരിച്ചറിയലാണ് സ്വാമി യാത്ര, 18 പടി കയറുമ്പോൾ നമ്മൾ ഭഗവദ് ഗീതയിലെ 18 അധ്യായങ്ങളിലൂടെ യാത്ര പോകണം. ഒന്നാം പടിയിൽ വിഷാദം മാറ്റണം, രണ്ടിൽ ആത്മാവാണ് ഈശ്വരൻ എന്നറിയണം. മൂന്നിൽ നമ്മുടെ കർമ്മം തിരിച്ചറിയണം, നന്മയുടെ കുളിർക്കാറ്റിൽ നിറയണം നാം. നാലിൽ സന്യാസം തിരിച്ചറിയണം, ജ്ഞാന നിഷ്ഠയിലൂടെ കർമ്മയോഗ രഹസ്യം ജ്ഞാനമാർഗം എന്നറിയണം. അഞ്ചിൽ കർമ്മ സന്യാസം തിരിച്ചറിയണം, ചിത്ത

ശ്രദ്ധ നിറക്കണം. ആറാം പടിയിൽ പാദമൂന്നുമ്പോൾ ധ്യാന നിരതമാകണം, മനസ്സ് യോഗീഭാവം കൈവരിക്കണം. ഏഴിൽ ജ്ഞാനവിജ്ഞാനത്തെ തിരിച്ചറിയണം, എട്ടിൽ പൂർണമായ ബ്രഹ്മജ്ഞാനം നേടണം. നശിക്കാത്ത അക്ഷരത്തെ വാരിപ്പുണരണം, ഒമ്പതിൽ അസൂയയില്ലാത്തവനായി മാറാൻ വഴിതരണം എന്ന പ്രാർത്ഥന. പത്തിൽ ഭഗവാന്റെ വിഭൂതി തിരിച്ചറിയണം. പതിനൊന്നിൽ കണ്ണടച്ച് ഭഗവാന്റെ വിശ്വരൂപം ദർശിക്കണം. പന്ത്രണ്ടിൽ ഭക്തിയുടെ തലങ്ങളെ സ്വീകരിക്കണം. ക്ഷേത്രമെന്തെന്നും ക്ഷേത്രജ്ഞൻ എന്തെന്നും പതിമൂന്നിൽ അറിയണം. ഗുണത്രയം ഹൃദയത്തിലുറയ്ക്കാൻ പതിനാലാം പടി ചവിട്ടണം. സർവ്വത്ര സമദർശനം ലഭിക്കാൻ പുരുഷോത്തമനെ തിരയണം പതിനഞ്ചിൽ. ദേവ – ആസുര ഭാവങ്ങളെ മനസ്സിലാക്കാൻ പതിനാറിൽ നിന്നാൽ മതി. പതിനേഴിൽ ത്രയവിഭാഗ ശ്രദ്ധ നിറയ്ക്കുക. ഏതൊരാളും ആഗ്രഹിക്കുന്ന മോക്ഷം പതിനെട്ടിൽ നിറഞ്ഞാൽ പിന്നെ അത് നീ തന്നെ, നമ്മൾ സ്വാമി തന്നെ.!

**എന്തുകൊണ്ട്??**

എന്തുകൊണ്ട് ശബരിമലയിൽ ബ്രഹ്മചര്യ ശീലം പുരുഷന്മാരിൽ ഉണ്ടാക്കാനും, സ്ത്രീസമൂഹത്തെ നല്ല കണ്ണുകൊണ്ടു കാണാനും പഠിപ്പിക്കുന്നു....?? പരിപാവനമായ സംസ്കാരവും ശാസ്ത്രവും സമന്വയിക്കുന്ന ശബരിമല. ധർമ്മബോധത്തിന്റെ അലയൊലി തീർക്കുമ്പോൾ നമ്മൾ സ്വാമിയാകുന്നു..

സൂര്യനെ വലം വയ്ക്കുന്നതിന് ഭൂമിക്ക് 365 ദിവസം വേണം. അത് 12 മാസമായി കാണുന്നു. 27 നക്ഷത്രങ്ങളിലൂടെ 12 മാസം ചന്ദ്രൻ യാത്ര ചെയ്യുമ്പോൾ 324 ദിവസം എടുക്കുന്നു. ഇത് തമ്മിലുള്ള വ്യത്യാസം (365 – 324) = 41 ദിവസമാണ്. ഈ നാല്പത്തിയൊന്നു ദിവസം പൂർത്തിയാകുന്നത് ധനു മാസം 11– നാണ്. അന്നാണ്, സൂര്യൻ പ്രപഞ്ചകേന്ദ്രമായ 'മൂലം' നക്ഷത്രസമൂഹത്തിൽ എത്തുന്നത്. ഒട്ടേറെ പ്രത്യേകതകൾ അന്ന് പ്രപഞ്ചത്തിൽ സംഭവിക്കുന്നു. പ്രപഞ്ചം സത്യബോധത്തിലേക്ക് പ്രവേശിക്കുന്നു, പ്രകൃതിയിലെ സസ്യലതാദികൾവരെ തളിർത്തു നിൽക്കും, സുന്ദര നിമിഷമാണത്.

മനുഷ്യജീവിതത്തിൽ നാല് അവസ്ഥകൾ (ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്യാസം) 41 ദിവസം കൊണ്ട് പൂർത്തിയാകുന്നുവെന്നതാണ് ശബരിമല ദർശനം കൊണ്ട് ആചാര്യന്മാർ ഉദ്ദേശിച്ചത്. അറിവിലേക്ക് ഉള്ള യാത്ര ബ്രഹ്മചര്യം, കുടുംബ ദൃഢത നിറയുന്ന ഗാർഹത്യം, കുടുംബിനിയുമായി വാനപ്രസ്ഥ യാത്ര, പിന്നീട് യോഗീഭാവ സന്യാസം – എന്ത് രസമാണെന്ന് നോക്കൂ...

മുദ്ര ധരിക്കുന്നതോടെ ഗൃഹസ്ഥാശ്രമി ബ്രഹ്മചാരിയാകുന്നു. വീടിനു സമീപം കുടിൽ കെട്ടി സ്വയം ഭക്ഷണം പാചകം ചെയ്ത് വാനപ്രസ്ഥത്തിലേക്ക് കടക്കുന്നു. ശബരിമല ദർശനമാകട്ടെ സന്യാസമാണ്. സന്യാസത്തിനായി കാനനത്തിലേക്ക് യാത്ര. കാനന

ക്ഷേത്രമായ ശബരിമലയിലെത്തി പതിനെട്ടുപടി താണ്ടിയുള്ള ദർശനം മോക്ഷപ്രാപ്തിയാണ്. ഇത്രയും പൂർണ്ണതയുള്ള മറ്റൊരു വ്രതമോ, ദർശനമോ വേറെയില്ല എന്നത് തന്നെയാണ് മണ്ഡലകാല വ്രതത്തിന്റെ പ്രത്യേകത..

ശക്തി അഥവാ ദേവിയുടെ സാന്നിധ്യം മാളികപ്പുറത്തമ്മയായി ശബരിമലയിൽ കുടികൊള്ളുന്നു. കുളത്തുപ്പുഴയിൽ ബാലശാസ്താവായും, ആര്യങ്കാവിൽ കല്യാണരൂപനായും, അച്ഛൻകോവിൽ ഗൃഹസ്ഥാശ്രമി യായും കുടികൊള്ളുന്ന ശാസ്താവ് ശബരിമലയിൽ ധ്യാനനിരതനാണ്. കൂടാതെ, ശബരിമലയുടെ കിഴക്കുള്ള കാന്തമലയിൽ സാക്ഷാൽ പരമാത്മാവായും കുടികൊള്ളുന്നു. സങ്കല്പത്തിലെ ഈ പൂർണ്ണതയാണ് ശാസ്താ പൂജയുടെ പ്രത്യേകതയും..


പ്രപഞ്ചത്തിന് ഉണ്മയും ജീവസ്ഫുരണവും നല്കി ക്കൊണ്ടിരിക്കുന്ന ആത്മ ചൈതന്യത്തെയാണ് യോഗാ സനാദിരൂഢനായ അയ്യപ്പനായി ശബരിമലയിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. കലിയുഗവരദന് കാലത്തിന്റെ കെടുതികളെ ഉന്മൂലനം ചെയ്യുകയും ആരാധിക്കു ന്നവർക്ക് ആനന്ദം നല്കുകയും ചെയ്യുന്നു.. അതുതന്നെ യാണ് ശബരിമല ദർശനത്തിന്റെ പ്രാധാന്യവും. ധന്യമായ നമ്മുടെ സംസ്കാരം കാത്തു സൂക്ഷിച്ചുകൊണ്ട് ഈ വ്രതശുദ്ധിയുടെ പുണ്യം സംരക്ഷിക്കുക...

നന്മയിലേക്ക് ഒരു യാത്ര അതാണ് കന്നിയാത്ര – ശബരിമല യാത്ര, പതിനെട്ടുപടികളിൽ പുണ്യംനിറച്ച് വെച്ചിരിക്കുന്ന ആ സുന്ദരയാത്രക്ക്, തീർത്ഥാടനത്തിന് ഒരുങ്ങാം...... സ്വാമി ശരണം..!!!

(തുടരും..... ആരാണ് ഗുരുസ്വാമി....?)

———————————————————————

## ഹരികന്യക(മോഹിനി) ക്ഷേത്രം – ഗുരുവായൂർ





ഗുരുവായൂർ ക്ഷേത്രത്തെപറ്റി കേൾക്കാത്തവരായി ആരും ഉണ്ടാവില്ല, എന്നാൽ ഗുരുവായൂരിന് 5 കിമീ അടുത്ത് (തൃശ്ശൂർ നിന്ന് 25 കിമി) ഗുരുവായൂർ – ചൂണ്ടൽ റോഡിൽ സ്ഥിതി ചെയ്യുന്ന 2000 വർഷം പഴക്കം പറയപ്പെടുന്ന അരിയന്നൂർ ഭഗവതി ക്ഷേത്രത്തെ പറ്റി അറിയുന്നവർ ചുരുക്കം ആയിരിക്കും. വിഷ്ണുഭഗവാന്റെ മോഹിനി പ്രതിഷ്ഠ – 'ഹരികന്യക' ആണ് അരിയന്നൂർ ഭഗവതി. ഭാരതത്തിൽ മോഹിനീ പ്രതിഷ്ഠയുള്ള ഏക ക്ഷേത്രമാണ് ഇത്. പെരുന്തച്ചനാണ് ഈ ക്ഷേത്രം

പണിതതെന്ന് വിശ്വസിച്ചുവരുന്നു. കൊച്ചിൻ ദേവസ്വം ബോർഡും 'ഭാരതീയ പുരാവസ്തു വകുപ്പുമാണ് (Archeological Survey of India) ക്ഷേത്രഭരണം നടത്തിവരുന്നത്.

ഗുരുവായൂർ തീർത്ഥാടനവേളയിൽ ഇവിടെ കൂടെ ദർശനം ചെയ്യുന്നത് വളരെ പുണ്യപ്രദം ആണ്. മാത്രമല്ല ശബരിമല യാത്രയിൽ സ്വാമിയുടെ അച്ഛനായ ഹരൻ (തൊട്ടടുത്തായുള്ള മമ്മിയൂർ ശിവൻ), അമ്മ ഹരിയുടെ മോഹിനിരൂപം (ഹരികന്യക) എന്നിവരെ അടുത്തടുത്ത് ദർശിക്കാൻ സാധിക്കുന്ന എന്നുള്ള പ്രത്യേകതയും ഉണ്ട്.

പുരാതനകാലത്തെ പെരുമ വിളിച്ചറിയിക്കുന്നതാണ് പെരുന്തച്ചൻ നിർമ്മിച്ച ക്ഷേത്രം. നമസ്കാരമണ്ഡപ ത്തിന്റെ തൂണിലും മച്ചിലും അർത്ഥ ഗർഭവും മനോമോഹനവുമായ ചിത്രങ്ങൾ. വലിയമ്പലത്തിന്റെ മുഖപ്പിലെ ശില്പവും വടക്ക പടിഞ്ഞാറേ കല്ലൂണിലെ കാളിയമർദ്ദനശില്പവും ശ്രീകോവിലിന്റെ ഭിത്തിയിലും ബലിക്കൽപുരയിലും കാണുന്ന ആനയുടെ രൂപങ്ങളു മെല്ലാം ക്ഷേത്രത്തിലെ കഥ പറയുന്ന കരിങ്കൽ ശില്പങ്ങളാണ്.

ശ്രീകോവിലിൽ കിഴക്കോട്ട് ദർശനമായി ശ്രീ ഹരികന്യക. അഞ്ചടിയിലധികം ഉയരമുള്ള വിഗ്രഹം. പഞ്ചലോഹം പൊതിഞ്ഞ് ഗോളകയിറക്കിയ അഞ്ജ നശില. ശിവനെ മോചിപ്പിച്ച കന്യക – ചതുർബാഹു.

കന്യകാ സങ്കല്പമായതുകൊണ്ട് ഓട്ടംതുള്ളലോ കൂടിയാട്ടമോ പോലുള്ള കിരീടംവച്ച കലകൾ ഇവിടെ പാടില്ല. നാലമ്പലത്തിനുള്ളിൽ രാജാക്കൻമാർക്ക് പ്രവേശനമില്ല. കൊമ്പനാന പാടില്ല. കരിമരുന്നു പ്രയോഗം പാടില്ല. ശ്രീകോവിലിൽ തന്നെ അയ്യപ്പന്റെ സാന്നിധ്യമുണ്ട്. കന്നിമൂലയിൽ ഗണപതിയും തെക്ക പടിഞ്ഞാറേ മൂലയിൽ കിഴക്കോട്ട് ദർശനമായി ഭദ്രകാളി യുമുണ്ട്. നാലുപൂജയും മൂന്നു ശിവേലികളുമുള്ള ക്ഷേത്ര ത്തിൽ രാത്രി ശീവേലിക്ക് നാല് വിളക്കുവേണം. മുമ്പിലും പിന്നിലും രണ്ടു വിളക്കുവീതം സ്ത്രീകളാണ് പിടിക്കുക എന്നതും കന്യകാസങ്കല്പത്തിന്റെ പ്രത്യേകതയാണ്.

അയ്യപ്പന്റെ അകമ്പടിയില്ലാതെ ദേവിയെ ക്ഷേത്രത്തിനു പുറത്ത് എഴുന്നെള്ളിക്കാറില്ല. മണ്ഡല കാലത്ത് മുപ്പതുദിവസം ഇവിടെ വിശേഷമാണ്. എല്ലാ ദിവസവും നവകവും മുപ്പതാം ദിവസം കളഭാഭിഷേകവും നടക്കും. കാർത്തിക നാള് ഭഗവതിയുടെ ജന്മനക്ഷത്രം അന്നാണ് വിശേഷമായ 'വാരം ഇരിക്കൽ, വാരസദ്യ' മുഖ്യചടങ്ങുകൾ. ഋഗ്വേദം ചൊല്ലലും ജപവുമാണ് വാരം ഇരിക്കൽ. ഈ ചടങ്ങ് വാവുദിവസം പകലാണ്. എന്നാൽ വാരസദ്യ രാത്രിയിലും. മേടത്തിലെ വിഷുവും, എടവത്തിലെ അനിഴം പ്രതിഷ്ഠാദിനവും, കർക്കടക മാസം രാമായണമാസമായും ആചരിച്ചുവരുന്നു. മലയാള മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച അഖണ്ഡനാമജപവും തന്ത്രി പൂജയെന്ന പുഷ്പാഞ്ജലിയും പ്രസിദ്ധമാണ്.

പറാദി, ധ്വജാദി, അങ്കുരാദി ഉത്സവങ്ങൾ സമ്മേളിക്കുന്ന

പതിനഞ്ചുദിവസത്തെ ഉത്സവാഘോഷങ്ങൾ – ഉത്രത്തിന് കൊടിയേറ്റ്, ഏഴുദിവസം ആറാട്ട്, ആറാട്ടുദിവസം പാണന്മാരുടെയും മണ്ണാന്മാരുടെയും പാട്ടുകൾ, പറയരുടെ വേല തുടങ്ങിയ കന്യകാ സങ്കല്പത്തിലുള്ള അനുഷ്ഠാനങ്ങൾ,.

കന്യകാസങ്കല്പത്തിലുള്ള ചിട്ടകളെല്ലാം പാലിക്കുന്നതുകൊണ്ട് ഇന്നാട്ടിലെ കന്യകമാർ സുന്ദരികളായിരിക്കുമെന്നും അവിവാഹിതരായി നില്ക്കേണ്ടിവരില്ലെന്നും പറയപ്പെടുന്നു.

---

## വിജയദശമി സന്ദേശം – ഡോ. മോഹൻ ഭാഗവത്



(രാഷ്ട്രീയ സ്വയംസേവക സംഘം പൂജനീയ സർസംഘചാലക് ഡോ. മോഹൻജി ഭാഗവത് 2023 വിജയദശമി ദിനത്തിൽ ചെയ്ത പ്രഭാഷണത്തിന്റെ പൂർണ രൂപം)

### അനശ്വര രാഷ്ട്രം ഉണരുന്നതിന്റെ ലക്ഷ്യം

ഇന്നത്തെ പരിപാടിയുടെ മുഖ്യാതിഥി ബഹുമാനപ്പെട്ട ശ്രീ ശങ്കർ മഹാദേവൻജി, വേദിയിൽ സന്നിഹിതനായ മാനനീയ സർകാര്യവാഹ്ജി, വിദർഭ പ്രാന്തത്തിന്റെ മാന്യ സംഘചാലക് ജി, നാഗ്പൂർ മഹാനഗരത്തിന്റെ മാന്യ സംഘചാലക് ജി, മാന്യ സഹസംഘചാലക് ജി, മറ്റ് അധികാരിമാരേ, സജ്ജനങ്ങളേ, അമ്മമാരെ, സഹോദരിമാരെ, പ്രിയപ്പെട്ട സ്വയംസേവക സഹോദരന്മാരെ,...

രാക്ഷസീയതയ്ക്ക് മേൽ മാനവികതയുടെ സമ്പൂർണ വിജയം കുറിച്ച ശക്തിപർവ്വം എന്ന നിലയിൽ എല്ലാ വർഷവും നമ്മൾ വിജയദശമി ഉത്സവം ആഘോഷിക്കുന്നു. ഈ വർഷം വിജയദശമി എത്തുന്നത് നമുക്ക് അഭിമാനവും സന്തോഷവും ഉത്സാഹവും സൃഷ്ടിക്കുന്ന സംഭവങ്ങളുമായാണ്.

### അഭിമാനത്തിന്റെ കാലം

നമ്മുടെ രാഷ്ട്രം പ്രമുഖ രാജ്യങ്ങളടങ്ങുന്ന ജി–20 സമ്മേളനത്തിന് ആതിഥ്യം വഹിച്ചു. വർഷം മുഴുവനും അംഗരാജ്യങ്ങളിൽ നിന്നുള്ള രാഷ്ട്രത്തലവന്മാർ, മന്ത്രിമാർ, ഉദ്യോഗസ്ഥർ, പണ്ഡിതർ തുടങ്ങിയവർ പങ്കെടുത്ത നിരവധി പരിപാടികൾ ഭാരതത്തിൽ അനേകം സ്ഥലങ്ങളിൽ നടന്നു. നമ്മുടെ സ്നേഹ നിർഭരമായ ആതിഥ്യവും രാഷ്ട്രത്തിന്റെ മഹത്തായ പാരമ്പര്യവും പ്രതീക്ഷാനിർഭരമായ വർത്തമാന കാലവും വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളിൽ സ്വാധീനം സൃഷ്ടിച്ചു. ആഫ്രിക്കൻ യൂണിയനെ അംഗമായി അംഗീകരിപ്പിച്ചതിലൂടെയും ജി20 കൗൺസിലിന്റെ ആദ്യദിവസം തന്നെ സംയുക്ത പ്രമേയം ഏകകണ്ഠമായി അവതരിപ്പിച്ചതിലൂടെയും

ഭാരതത്തിന്റെ ഉദാരതയുടെ ആഴവും നയതന്ത്ര വൈദഗ്ധ്യവും എല്ലാവരും മനസിലാക്കി. ഭാരതത്തിന്റെ വിശിഷ്ടമായ ആശയങ്ങളും ദർശനങ്ങളും കാരണം, ലോകത്തിന്റെയാകെ ചിന്തകളെ 'വസുധൈവ കുടുംബകം' എന്ന ദിശയിലേക്ക് കൂട്ടിയിണക്കി. സാമ്പത്തിക കേന്ദ്രിതമായ ജി 20 രാജ്യങ്ങളുടെ കാഴ്ചപ്പാട് മനുഷ്യ കേന്ദ്രിതമായി. വിശ്വവേദിയിൽ ഒരു പ്രമുഖ രാഷ്ട്രമെന്ന നിലയിൽ ഭാരതത്തിന്റെ അചഞ്ചലമായ സ്ഥാനം ഉറപ്പിക്കാൻ ഈ സന്ദർഭത്തിലൂടെ നമ്മുടെ നേതൃത്വത്തിന് കഴിഞ്ഞു.

ഇതാദ്യമായി ഏഷ്യൻ ഗെയിംസിൽ നമ്മുടെ കായിക താരങ്ങൾ നൂറിലധികം – 107 മെഡലുകൾ, (28 സ്വർണം, 38 വെള്ളി, 41 വെങ്കലം) നേടി നമ്മുടെയെല്ലാവരുടെയും ആവേശം വർദ്ധിപ്പിച്ചു. അവരെയെല്ലാം അഭിനന്ദിക്കുന്നു. ചന്ദ്രയാൻ അവസരത്തിൽ ഭാരതത്തിന്റെ ശക്തിയുടെയും ബുദ്ധിയുടെയും യുക്തിയുടെയും നേർക്കാഴ്ചയും ലോകം കണ്ടു. നമ്മുടെ ശാസ്ത്രജ്ഞരുടെ ശാസ്ത്രജ്ഞാനവും സാങ്കേതിക നൈപുണ്യവും സാമർത്ഥ്യവും നേതൃപരമായ ഇച്ഛാശക്തിയും കാര്യക്ഷമതയും ചേർന്നാണ് ഈ വിജയമുണ്ടായത്. ബഹിരാകാശ യുഗത്തിന്റെ ചരിത്രത്തിലാദ്യമായി ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഭാരതത്തിന്റെ ലാൻഡർ വിക്രം ഇറങ്ങി. സമസ്ത ഭാരതീയരുടെയും അഭിമാനവും ആത്മവിശ്വാസവും ഉയർത്തിയ ഈ ദൗത്യം നിർവഹിച്ച ശാസ്ത്രജ്ഞരും അവർക്ക് കരുത്ത് പകർന്ന നേതൃത്വവും ദേശത്തിന്റെയാകെ അഭിനന്ദനം നേടുകയാണ്.

ലോകത്തിനാകെ ഗുണം ചെയ്യുക എന്ന രാഷ്ട്രത്തിന്റെ ആഗോള ദൗത്യ നിർവ്വഹണത്തിന് അടിസ്ഥാനമായ ദേശീയാദർശങ്ങളാണ് മുഴുവൻ രാഷ്ട്രത്തിന്റെയും പ്രയത്നങ്ങളുടെ ഉറവിടം. നമ്മുടെ ഭരണഘടനയുടെ യഥാർത്ഥപകർപ്പിന്റെ ഒരു പേജിൽ, ഈ ധർമ്മത്തിന്റെ പ്രതീകമായി ആരുടെ ചിത്രമാണോ ആലേഖനം ചെയ്തിട്ടുള്ളത്, ആ ശ്രീരാമന്റെ ബാലരൂപം പ്രതിഷ്ഠിച്ച ക്ഷേത്രം അയോധ്യയിൽ നിർമ്മിക്കുന്നു. വരുന്ന ജനുവരി 22 ന് ശ്രീരാം ലല്ലയുടെ പ്രാണപ്രതിഷ്ഠ ഉണ്ടാകുമെന്ന് പ്രഖ്യാപനം വന്നിരിക്കുന്നു. സുരക്ഷാപരമായ കാരണങ്ങളും സൗകര്യങ്ങളിലും മറ്റുമുള്ള പ്രതിസന്ധികളും കൊണ്ട് ഈ ശുഭമുഹൂർത്തത്തിൽ വളരെ പരിമിതമായ എണ്ണം ആളുകൾക്ക് മാത്രമേ പങ്കെടുക്കാനാവുകയുള്ളൂ. ശ്രീരാമൻ നമ്മുടെ ദേശീയ മൂല്യങ്ങളുടെ ആദരവിന്റെ പ്രതീകമാണ്, കർത്തവ്യ പാലനത്തിന്റെയും കരുണയുടെയും സ്നേഹത്തിന്റെയും പ്രതീകമാണ്. അത്തരത്തിലുള്ള ഒരു അന്തരീക്ഷം അതാത് സ്ഥലങ്ങളിൽ സൃഷ്ടിക്കപ്പെടണം. രാമക്ഷേത്രത്തിൽ ശ്രീരാമ ലല്ലയുടെ പ്രതിഷ്ഠയോടെ നമ്മുടെ മനസ് അയോധ്യയാകണം. ഓരോ ഹൃദയത്തിലും ശ്രീരാമലല്ലയുടെ പ്രതിഷ്ഠ നടക്കണം. എല്ലായിടത്തും സ്നേഹത്തിന്റെയും സദ്ഭാവനയുടെയും അന്തരീക്ഷം ഉണ്ടാകണം. ഇതിനായി എല്ലായിടങ്ങളിലും ചെറിയ

ചെറിയ പരിപാടികൾ സംഘടിപ്പിക്കണം.

## വിഭൂതികളുടെ സ്മരണ

നൂറ്റാണ്ടുകളായി നേരിട്ട പ്രതിസന്ധികളോട് പൊരുതി ജയിച്ച നമ്മുടെ ഭാരതം ഭൗതികവും ആത്മീയവുമായ പുരോഗതിയുടെ പാതയിലൂടെ മുന്നേറുന്നതിന് സാക്ഷികളാകാൻ സൗഭാഗ്യം ലഭിച്ചവരാണ് നമ്മൾ. സമ്പൂർണ വിശ്വത്തിനും സ്വന്തം ജീവിതത്തിലൂടെ അഹിംസ, ജീവദയ, സദാചാരം എന്നിവയുടെ സന്മാർഗം കാട്ടിക്കൊടുത്ത ശ്രീ മഹാവീർ സ്വാമിയുടെ 2550-ാം നിർവാണ വർഷം, ഹിന്ദവിസ്വരാജ് സ്ഥാപിച്ച് ന്യായപൂർണവും ജനഹിതകാരിയുമായ ഭരണ വ്യവസ്ഥയിലൂടെ വിദേശഭരണത്തിൽ നിന്നുള്ള മുക്തി മാർഗം കാട്ടിത്തന്ന ഛത്രപതി ശ്രീ ശിവജി മഹാരാജിന്റെ രാജ്യാഭിഷേകത്തിന്റെ 350-ാം വർഷം, ബ്രിട്ടീഷുകാരുടെ അടിമത്തത്തിൽ നിന്ന് മോചനം നേടാൻ സത്യാർത്ഥ പ്രകാശത്തിലൂടെ സമ്പൂർണജനങ്ങളുടെയും മനസിൽ തനിമയുടെ വ്യക്തത പകർന്ന മഹർഷി ദയാനന്ദ സരസ്വതിയുടെ ഇരുന്നൂറാം ജന്മവാർഷികം... ഒക്കെ നമ്മൾ സമുചിതമായി ആചരിച്ചു.

വരുന്ന വർഷം സമാനമായ രീതിയിൽ ദേശീയ പുരുഷാർത്ഥത്തിന് ശാശ്വത പ്രചോദനമായി മാറിയ രണ്ട് വിഭൂതികളുടെ കൂടി പവിത്ര സ്മരണയുടെ വർഷമാണ്. സ്വത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ബലിദാനം ചെയ്തു, ഉദ്യമം, സാഹസം, ധൈര്യം, ബുദ്ധി, ശക്തി, പരാക്രമം എന്നിവയെ കരുത്താക്കി, പ്രജാ ക്ഷേമതത്പരയായി ഭരണനിർവഹണം നടത്തിയ ആദർശശാലിയായ മഹാറാണി ദുർഗാവതിയുടെ 500-ാം ജയന്തി വർഷമാണിത്. ഭാരതീയസ്ത്രീകളുടെ പ്രതിബദ്ധതയുടെയും ഉജ്ജ്വലമായ ശീലത്തിന്റെയും ജാജ്ജ്വല്യമായ ദേശഭക്തിയുടെയും ദീപ്തമായ ആദർശമാണ് മഹാറാണി ദുർഗാവതി.

ജനഹിതം നിറവേറ്റുന്നതിലെ ശ്രദ്ധയും ഭരണ നൈപുണ്യവും കൊണ്ട് സാമാജിക അസമത്വത്തിന്റെ അടിവേരറുക്കുന്നതിനായി ജീവിതകാലം മുഴുവൻ സമ്പൂർണശക്തിയും സമർപ്പിച്ച മഹാരാഷ്ട്രയിലെ കോൽഹാപ്പൂർ ഭരണാധികാരിയായിരുന്ന ഛത്രപതി ഷാഹുജി മഹാരാജിന്റെ 150-ാം ജയന്തി വർഷം കൂടിയാണിത്.

രാജ്യത്തിന്റെ സ്വാതന്ത്ര്യ ജ്വാല ഉണർത്താൻ ചെറുപ്പകാലം മുതൽ യത്നിച്ച തമിഴ് സന്യാസി ശ്രീമദ് രാമലിംഗ വല്ലലാറുടെ ഇരുന്നൂറാം ജയന്തി ഈ മാസമാണ് ആചരിച്ചത്. പട്ടിണിക്കാർക്ക് ഭക്ഷണം നല്കാൻ വേണ്ടി അദ്ദേഹം കത്തിച്ച അടുപ്പുകൾ ഇന്നും തമിഴ് നാട്ടിൽ അണയാതെ നില്ക്കുന്നു. ആ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യത്തോടൊപ്പം സമാ ജത്തിന്റെ ആത്മീയവും സാംസ്കാരികവുമായ ഉണർവിനും സാമൂഹിക അസമത്വങ്ങളുടെ സമ്പൂർണ ഉന്മൂലനത്തിനും വേണ്ടിയാണ് അദ്ദേഹം ജീവിതത്തി

ലൂടനീളം പ്രവർത്തിച്ചത്.

സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം ആഘോഷിക്കുന്ന വേളയിൽ പ്രചോദനാത്മകമായ ഈ വിഭൂതികളുടെ സ്മരണയിലൂടെ സമാജിക സമരസത യുടെയും ഏകാത്മകതയുടെയും സ്വത്വ രക്ഷയുടെയും സന്ദേശം നമുക്ക് ആർജ്ജിക്കാനാകും.

അവനവന്റെ സ്വത്വത്തെ തിരിച്ചറിയാനും തനിമ കാത്തു സൂക്ഷിക്കുവാനുമുള്ള മനുഷ്യന്റെ പരിശ്രമം സ്വാഭാവികവും സഹജവുമാണ്. വളരെ വേഗത്തിൽ അകലം കുറഞ്ഞു കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ എല്ലാ രാജ്യങ്ങളിലും ഇതേപ്പറ്റിയുള്ള ചിന്ത പ്രബലമാണ്. ലോകത്തിന് മുഴുവൻ ഒരു നിറം നല്കാനുള്ള, ഏകരൂപം നല്കാനുള്ള ഒരുശ്രമവും ഇന്നേവരെ വിജയിച്ചിട്ടില്ല. ഇനി വിജയിക്കുകയുമില്ല. ഭാരതത്തിന്റെ തനിമയെ, ഹിന്ദു സമാജത്തിന്റെ സ്വത്വത്തെ ശ്രേഷ്ഠതയിൽ നിലനിർത്തിപ്പോരുക എന്ന ആശയം സ്വാഭാവികമാണ്. ലോകത്തിന്റെ വർത്തമാന കാല ആവശ്യങ്ങൾ നിറവേറ്റുന്നതിന്, സ്വന്തം മൂല്യങ്ങളെ അടിസ്ഥാനമാക്കി, കാലത്തിന് യോഗ്യമായ രീതിയിൽ, പുതിയ നിറഭാവങ്ങളിൽ ഭാരതം അന്തസ്സോടെ ഉയർന്നു നില്ക്കണമെന്നത് ലോകത്തിന്റെയാകെ പ്രതീക്ഷയാണ്.

## ഹിമാലയ മേഖല നല്കുന്ന സൂചന

മതസമ്പ്രദായങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഭ്രാന്തിനെയും തീവ്രവാദത്തെയും അഹങ്കാരത്തെയും ലോകം അഭിമുഖീക രിക്കുകയാണ്. സ്വാർത്ഥത മൂലമുള്ള പരസ്പരസംഘർഷ ങ്ങളും കലാപങ്ങളും ഉക്രൈനും ഗാസയും പോലെ യുദ്ധസമാനമായ സാഹചര്യങ്ങൾക്ക് കാരണമാകുന്നു എന്നതാണ് വാസ്തവം. പ്രകൃതിവിരുദ്ധ ജീവിത ശൈലി, അനിയന്ത്രിതമായ ഉപഭോഗം എന്നിവ മൂലം ശാരീരികവും മാനസികവുമായ പുതിയ പുതിയ രോഗങ്ങൾ ഉയർന്നു വരുന്നു. കൊള്ളരുതായ്മകളും കുറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്നു. അമിതമായ വ്യക്തിവാദം മൂലം കുടുംബങ്ങൾ തകരുന്നു. അതിരില്ലാത്ത പ്രകൃതിചൂഷണം, ആഗോള താപനം, ഋതുക്രമത്തിലെ അസന്തുലനം ഇതൊക്കെ മൂലമുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ വർഷംതോറും വർദ്ധിക്കുന്നു. തീവ്രവാദത്തിനും ചൂഷണത്തിനും അമിതാ ധികാരവാദത്തിനും തുറന്ന മൈതാനങ്ങൾ ലഭിക്കുന്നു. ഇടുങ്ങിയ ദൃഷ്ടിയിലൂടെ മാത്രം ഈ പ്രശ്നങ്ങളെ കാണുന്ന ലോകത്തിന് ഇവയെ നേരിടാനാവില്ലെന്ന് ഉറപ്പായി. അതുകൊണ്ട് സനാതനമൂല്യങ്ങളുടെയും സംസ്കാര ത്തിന്റെയും അടിസ്ഥാനത്തിൽ സ്വന്തം ഉദാഹരണ ത്തിലൂടെ യഥാർത്ഥ സുഖത്തിലേക്കും ശാന്തിയിലേക്കുമുള്ള പുതിയ പാത ഭാരതം ലോകത്തിന് നല്കും എന്ന പ്രതീക്ഷ ഉണർന്നിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യങ്ങളുടെ ഒരു ചെറിയ പതിപ്പ് ഭാരതത്തിലും നമ്മൾ അഭിമുഖീകരിക്കുകയാണ്. ഉദാഹരണത്തിന്, അടുത്തിടെ ഹിമാലയ മേഖലയിലെ ഹിമാചൽ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ തുടങ്ങി മധ്യമേഖലയിലെ സിക്കിം വരെ, അടിക്കടി പ്രകൃതി

ദുരന്തങ്ങളുടെ മാരകമായ വിപത്താണ് നമ്മൾ നേരിടുന്നത്. ഭാവിയിൽ നേരിട്ടേക്കാവുന്ന ഗുരുതരവും വ്യാപകവുമായ പ്രതിസന്ധികളെയാണ് ഇത് സൂചിപ്പിക്കുന്നതെന്ന ആശങ്കയും ചർച്ചയും നടക്കുന്നു.

രാജ്യത്തിന്റെ അതിർത്തി സുരക്ഷ, ജലസുരക്ഷ, പാരിസ്ഥിതിക ആരോഗ്യം എന്നിവയ്ക്കായി ഭാരതത്തിന്റെ വടക്കൻ അതിർത്തി നിർണയിക്കുന്നതിനുള്ള ഈ മേഖലയ്ക്ക് മഹത്വപൂർണമായ ഉത്തരവാദിത്തമുണ്ട്. എന്തുവിലകൊടുത്തും ഇത് സംരക്ഷിക്കേണ്ടതാണ്. സുരക്ഷ, പരിസ്ഥിതി, ജനസംഖ്യ, വികസനം തുടങ്ങിയവ മുൻനിർത്തി ഹിമാലയൻ മേഖലകളെയാകെ ഒറ്റ ഘടകമായി കാണേണ്ടിവരും. പ്രകൃതിരമ്യമായ ഈ ഭൂപ്രദേശം ഭൂഗർഭശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ, പുതിയതും വീണ്ടുംവീണ്ടും നവീകരിക്കുന്നതും അതുകൊണ്ടുതന്നെ അസ്ഥിരവുമാണ്. ഭൂതലവും ഭൂഗർഭവുമായ സവിശേഷതയോ ജലസ്രോതസുകൾ, സസ്യജന്തുജാലങ്ങൾ, ജൈവവൈവിധ്യങ്ങൾ തുടങ്ങിയ പ്രത്യേകതകളോ പരിഗണിക്കാതെയാണ് ഇവിടെ ഏകപക്ഷീയമായ വികസന പദ്ധതികൾ നടപ്പാക്കിയത്. ഇതിന്റെ ഫലമായാണ് ഹിമാലയൻ മേഖലയും അതുവഴി രാജ്യം മുഴുവനും പ്രതിസന്ധിയുടെ വക്കിലായത്. കിഴക്ക്, തെക്കുകിഴക്കൻ രാജ്യങ്ങളിലെല്ലാം ജലം നല്കുന്നത് ഈ മേഖലയാണ്. ഇതേ മേഖലയിലാണ് ഭാരതത്തിന്റെ വടക്കൻ അതിർത്തിയിൽ വർഷങ്ങളായി ചൈനയുടെ മുട്ട് നമ്മൾ കേൾക്കുന്നത്. അതുകൊണ്ട് ഈ പ്രദേശത്തിന് ഭൂമിശാസ്ത്രപരവും രാഷ്ട്രതന്ത്രപരവുമായ പ്രാധാന്യമുണ്ട്. ഇതുകൊണ്ട് ഈ മേഖലയിലെ പ്രശ്നങ്ങളെ മറ്റൊരു കാഴ്ചപ്പാടോടെ സമീപിക്കണം.

ഹിമാലയമേഖലയിലാണ് ഈ സംഭവങ്ങൾ കൂടുതലായി നടക്കുന്നതെങ്കിലും, രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും ഇതേപോലുള്ള സാഹചര്യങ്ങളുണ്ടെന്നാണ് മനസിലാകുന്നത്.

### വെല്ലുവിളികളെ നേരിടണം

പൂർണമായ ഭൗതികവാദത്തിന്റെ പരകോടിയിലെത്തിയ ഉപഭോഗവാദകാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിലുള്ള വികസനമാർഗങ്ങൾ കാരണം മാനവികതയും പ്രകൃതിയും പതുക്കെപതുക്കെ, എന്നാൽ സ്ഥിരമായി വിനാശത്തിലേക്ക് നീങ്ങുകയാണ്. ലോകമെമ്പാടും ഈ ആശങ്ക വർദ്ധിച്ചിരിക്കുന്നു. പരാജയപ്പെട്ട വഴികളെ ഉപേക്ഷിച്ച് ലോകം ഭാരതീയ മൂല്യങ്ങളിലേക്ക് സാവധാനം തിരിയുകയാണ്. സമഗ്രമായ ഏകാത്മ ദൃഷ്ടിയിൽ അധിഷ്ഠിതമായ, കാലാനുസൃതമായി നവീകരിക്കുന്ന വികസനത്തിന്റെ പാത ഭാരതം സൃഷ്ടിക്കേണ്ടതുണ്ട്. ഇത് ഭാരതത്തിന് സർവ്വദാ ഉപയുക്തവും ലോകത്തിന് അനുകരണീയവുമായ മാതൃകയാകണം. അതിന് ജഡവാദത്തിന്റെയും പിടിവാശിയുടെയും പ്രവണതകൾ നാം ഉപേക്ഷിക്കണം. പരാജയപ്പെട്ട പാതയെ അന്ധമായി പിന്തുടരുന്ന പ്രവണത അവസാനിപ്പിക്കണം.

അധിനിവേശ മാനസികാവസ്ഥയിൽ നിന്ന് മുക്തമായി ലോകത്തിൽ നിന്ന് ദേശാനുകൂലമായതെന്തോ അത് സ്വീകരിക്കണം. നമ്മുടെ രാജ്യത്ത് എന്താണോ ഉള്ളത് അതിനെ യുഗാനുകൂലമായി മാറ്റിത്തീർത്ത് സ്വ ആധാരിതമായ സ്വദേശി വികാസപഥം സ്വീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇക്കാര്യത്തിന് അനുസൃതമായി അടുത്ത കാലത്തായി ചില മാറ്റങ്ങൾ ഉണ്ടായി എന്നത് ശ്രദ്ധേയമാണ്. സമാജത്തിൽ കൃഷി, വ്യവസായം, വ്യാപാരം, അനുബന്ധ സേവനങ്ങൾ, സഹകരണം, സ്വയംതൊഴിൽ തുടങ്ങിയ മേഖലകളിൽ, പുതിയ വിജയകരമായ പരീക്ഷണങ്ങളുടെ എണ്ണവും തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഭരണരംഗത്തും എല്ലാ മേഖലകളിലും ചിന്തയുടെ വഴി കാട്ടുന്ന ബൗദ്ധിക സമൂഹത്തിനിടയിലും ഇത്തരത്തിലുള്ള ഉണർവ്വ് കൂടുതലായി ഉണ്ടാകേണ്ടതുണ്ട്.

ഭരണത്തിന്റെ നല്ല നയങ്ങൾ, സ്വ ആധാരിതവും യുഗാനുകൂലവുമായ നീതി, ജനസൗഹൃദ പ്രവർത്തനങ്ങൾ, ഇവയെല്ലാം മനസ്സും വാക്കും കർമ്മവും കൊണ്ട് സമാജം നല്കുന്ന സഹകരണവും പങ്കാളിത്തവും പിന്തുണയും മാത്രമേ മാറ്റത്തിന്റെ ദിശയിൽ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകൂ.

എന്നാൽ ഇത് സാധ്യമായില്ലെങ്കിൽ, സമാജത്തിന്റെ ഒരുമ ശിഥിലമായി ഭിന്നതയും സംഘർഷവും വർദ്ധിക്കും, ഇത് വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. അജ്ഞതയും അവിവേകവും അവിശ്വാസവും അശ്രദ്ധയും കാരണം അപ്രതീക്ഷിതമായ ഇത്തരം പിരിമുറുക്കങ്ങളും വിയോജിപ്പും വർദ്ധിക്കുന്നു. ഭാരതത്തിന്റെ ഉയർച്ചയുടെ ലക്ഷ്യം ലോകക്ഷേമമാണ്. ഈ ഉത്ഥാനത്തിന്റെ സ്വാഭാവിക പരിണാമമെന്ന നിലയിൽ സ്വാർത്ഥികളും വിഘടനവാദികളും കാപട്യത്തിലൂടെ സ്വന്തം കാര്യം കാണുന്ന ശക്തികളുമൊക്കെ നിയന്ത്രിക്കപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ അത്തരക്കാരുടെ കേന്ദ്രങ്ങളിൽ നിന്ന് നിരന്തരമായ പ്രതിരോധമുണ്ട്. ഇതെല്ലാം ചെയ്യുമ്പോഴും ഈ ശക്തികൾ ഏതെങ്കിലും പ്രത്യയശാസ്ത്രത്തിന്റെ കുപ്പായമിടും. മറ്റുള്ളവർക്ക് വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന് തെറ്റിദ്ധാരണ പരത്തും. അവരുടെ യഥാർത്ഥ ലക്ഷ്യങ്ങൾ മറ്റ് പലതുമാണ്. പ്രത്യയശാസ്ത്രവും പദവിയും ഏതായിരുന്നാലും ആത്മാർത്ഥതയോടെയും പ്രതിബദ്ധതയോടെയും പ്രവർത്തിക്കുന്ന ആളുകൾക്ക് ഇത്തരക്കാർ തടസ്സമാണ്. എല്ലാം വിഴുങ്ങുന്ന ഈ കൂട്ടർ ഇപ്പോഴത്തെ കാലത്ത് സ്വയം വിളിക്കുന്നത് സാംസ്കാരിക മാർക്സിസ്റ്റുകൾ അഥവാ വോക് (ഉണർന്നവർ) എന്നാണ്. എന്നാൽ 1920കൾ മുതല്ക്കേ അവർ മാർക്സിനെത്തന്നെ മറന്നു. വിവാഹം, സംസ്കാരം തുടങ്ങി ലോകത്തിന്റെ എല്ലാ നല്ല വ്യവസ്ഥകൾക്കും അവർ എതിരാണ്. ഒരു ചെറിയ കൂട്ടം ആളുകളാൽ നിയന്ത്രിക്കപ്പെടുന്ന ഇന്നത്തെ ലോകക്രമത്തിൽ അരാജകത്വത്തിനും അഴിഞ്ഞാട്ടത്തിനും പ്രചാരവും അംഗീകാരവും ലഭിക്കും.

മാധ്യമങ്ങളെയും അക്കാദമികളെയും കൈയിലെടുത്ത് വിദ്യാഭ്യാസം, സാംസ്കാരികം, രാജനീതി തുടങ്ങി സമാജത്തിലുടനീളം തെറ്റിദ്ധാരണയും ഭിന്നതയും സൃഷ്ടിക്കലാണ് ഇവരുടെ പ്രവർത്തനശൈലി. ഇത്തരം പരിസ്ഥിതിയിൽ വ്യാജവും വികലവും അതിശയോക്തി കലർന്നതുമായ വാർത്തകളിലൂടെ ജനങ്ങളിൽ ഭീതിയും തെറ്റിദ്ധാരണയും വിദ്വേഷവും അനായാസം പടരും. ആശയക്കുഴപ്പത്തിലും പരസ്പരം തർക്കവും മൂലം ദുർബലമാകുകയും തകരുകയും ചെയ്യുന്ന സമൂഹം എല്ലായിടത്തും വിധ്വംസക ശക്തികളുടെ ഇരകളായി മാറുന്നു. ഏതെങ്കിലും നാട്ടിൽ ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പവും പരസ്പരവിദ്വേഷവും സൃഷ്ടിക്കുന്ന ഇത്തരം പ്രവർത്തനത്തിന് നമ്മുടെ രാജ്യത്ത് പറയാറുള്ളത് അപവാദ പ്രചരണമെന്നോ ഗൂഢാലോചനയെന്നോ ഒക്കെയാണ്.

കക്ഷിരാഷ്ട്രീയത്തിലെ സ്വാർത്ഥവും മത്സരങ്ങളും കാരണം പരാജയപ്പെട്ട കക്ഷികൾ അനാവശ്യ ശക്തികളുമായി സഖ്യം ചേരുന്ന പ്രവണത അവിവേകമാണ്. സമാജം നേരത്തെതന്നെ ആത്മവിസ്മൃതി മൂലം പല പല ഭേദവിചാരങ്ങളിൽ കുടുങ്ങി സ്വാർത്ഥം, പരസ്പര മത്സരം, ഈർഷ്യ, ദ്വേഷം ഇതിലെല്ലാം അകപ്പെട്ടിരിക്കുന്നു. അതുകൊണ്ട് രാഷ്ട്രത്തെയും സമാജത്തെയും തകർക്കാൻ ആഗ്രഹിക്കുന്ന ആസുരിക ശക്തികൾക്ക് അകത്തുനിന്നും പുറത്തുനിന്നും പിന്തുണ ലഭിക്കുന്നു.

## മണിപ്പൂർ ഉയർത്തുന്ന ചോദ്യങ്ങൾ

മണിപ്പൂരിന്റെ ഇപ്പോഴത്തെ സ്ഥിതി കാണുമ്പോൾ ഇങ്ങനെ തോന്നുന്നു. ഒരു പതിറ്റാണ്ടായി ശാന്തമായിരുന്ന മണിപ്പൂരിൽ പൊടുന്നനെ എങ്ങനെയാണ് പരസ്പര വിഭജനത്തിന്റെ തീ ആളിപ്പടർന്നത്? കൊലയാളികളായ ആളുകൾ അതിർത്തി കടന്നെത്തിയ തീവ്രവാദികളാണോ? സ്വന്തം അസ്തിത്വത്തെക്കുറിച്ച് ആശങ്കയിലായ മണിപ്പൂരി മൈതേയി സമാജത്തിനും കുക്കി സമാജത്തിനുമിടയിലെ സംഘർഷത്തെ വർഗീയവല്ക്കരിക്കാനുള്ള ശ്രമം എന്തിന്, ആര് ചെയ്തു? വർഷങ്ങളായി അവിടെ സമഭാവത്തോടെ സേവനം ചെയ്യുന്ന രാഷ്ട്രീയ സ്വയംസേവക സംഘം പോലുള്ള സംഘടനയെ ഒരു കാരണവുമില്ലാതെ ഇതിലേക്ക് വലിച്ചിടാൻ ശ്രമിച്ചതിന് ആരുടെ സ്വാർത്ഥതയാണ്? അതിർത്തിപ്രദേശത്ത്, നാഗഭൂമിക്കും മിസോറാമിനുമിടയിൽ സ്ഥിതി ചെയ്യുന്ന മണിപ്പൂരിൽ അശാന്തിയും അസ്ഥിരതയും സൃഷ്ടിക്കുന്നത് കൊണ്ട് ലാഭമുണ്ടാകുന്ന ഏതെങ്കിലും വിദേശ ഭരണകൂടത്തിന്റെ താത്പര്യങ്ങളിതിലുണ്ടോ? തെക്ക് കിഴക്കൻ ഏഷ്യയിൽ വർഷങ്ങളായുള്ള ഭൂരാഷ്ട്രീയ പ്രശ്നങ്ങൾ ഇതിന് കാരണമായിട്ടുണ്ടോ? രാജ്യത്ത് ശക്തമായ ഭരണകൂടമുണ്ടായിട്ടും ആരുടെ ബലത്തിലാണ് ഇത്രയും കാലമായി അവിടെ സംഘർഷം തുടരുന്നത്? കഴിഞ്ഞ ഒമ്പത് വർഷമായി തുടരുന്ന സമാധാനം നിലനിർത്താൻ സംസ്ഥാനസർക്കാർ പരിശ്രമിച്ചിട്ടും കൊലപാതകം എന്തുകൊണ്ടാണ് തുടരുന്നത്? സംഘർഷത്തിലേർപ്പെട്ട

വിഭാഗങ്ങൾ സമാധാനം ആഗ്രഹിക്കുകയും ആ ദിശയിൽ ഭാവാത്മകമായ ചില നടപടികൾ മുന്നോട്ടുവരികയും ചെയ്യുകയും, ചെയ്യുമ്പോൾ അതിനെ തകർക്കും വിധം വിദ്വേഷവും അക്രമവും സൃഷ്ടിക്കുന്ന ശക്തികൾ ഏതാണ്? ഈ പ്രശ്നത്തിന്റെ പരിഹാരത്തിന് വിവിധ തരത്തിലുള്ള പരിശ്രമങ്ങൾ ആവശ്യമാണ്. ഇത് പരിഹരിക്കുന്നതിന് രാഷ്ട്രീയ ഇച്ഛാശക്തി, അതിനനുസൃതമായ സക്രിയ നടപടികൾ, സാമർത്ഥ്യം എന്നിവയ്ക്കൊപ്പം ദൗർഭാഗ്യകരമായ സാഹചര്യങ്ങൾക്കിടയാക്കിയ സമാജങ്ങൾ തമ്മിലെ അവിശ്വാസം പരിഹരിക്കുന്നതിന് പ്രാപ്തമായ നേതൃത്വത്തിന്റെ പങ്ക് വളരെ വലുതാണ്. സംഘസ്വയംസേവകർ സമാജത്തിലുടനീളം എല്ലാവർക്കും സേവനം ചെയ്യുകയും സജ്ജനശക്തിയെ സംഘടിപ്പിച്ച് ശാന്തിക്കായി ആഹ്വാനം ചെയ്യുകയും ചെയ്യും. എല്ലാവരെയും സ്വന്തമെന്ന് കരുതി, കാര്യങ്ങൾ മനസിലാക്കി സുരക്ഷിതവും വ്യവസ്ഥിതവും സദ്ഭാവപൂർണവും ശാന്തവുമായ സാഹചര്യം സൃഷ്ടിക്കുന്നതിനായി സംഘം പ്രവർത്തിക്കുന്നു. ഭയങ്കരവും ആശങ്കാജനകവുമായ സാഹചര്യത്തിലും ശാന്തവും ധീരവുമായ മനസ്സോടെ എല്ലാത്തരത്തിലുള്ള സേവനപ്രവർത്തനങ്ങളും നിർവഹിക്കുന്ന സ്വയംസേവകരെ ഓർത്ത് അഭിമാനിക്കുന്നു.

## ഏകതയുടെ രഹസ്യം

പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം അപവാദപ്രചരണത്തിനുള്ള ശരിയായ പരിഹാരം രാഷ്ട്രത്തിന്റെ ഏകതയാണ്. ഏത് പരിസ്ഥിതിയിലും ഏകതയുടെ പ്രകാശം സമാജത്തിന്റെ വിവേകത്തിൽ ഉണർന്നിരിക്കേണ്ടതാണ്. ഭരണഘടനയിൽ തന്നെ മാർഗദർശകതത്വമെന്ന നിലയിൽ ഭാവാത്മക ഏകതയെപ്പറ്റി എഴുതിയിട്ടുണ്ട്. ഓരോ ദേശത്തിലും ഈ ഏകതയെ പ്രകടമാക്കുന്ന പശ്ചാത്തലം വ്യത്യസ്തമാണ്. ചില ദേശങ്ങളിൽ അത് ഭാഷയാണ്. ചിലയിടത്ത് ദേശവാസികളുടെ വിശ്വാസമോ ആരാധ നയോ ആണ്. ചിലയിടത്ത് വാണിജ്യ ഇടപെടലുകളാണ്, ചിലയിടത്ത് പ്രബലമായ ഭരണകൂട വ്യവസ്ഥിതിയാണ് ഏകതയുടെ നൂലായി പ്രവർത്തിക്കുന്നത്. എന്നാൽ മനുഷ്യനിർമ്മിതമായ കൃത്രിമ അടിസ്ഥാനങ്ങളിൽ, അല്ലെങ്കിൽ സമാനമായ സ്വാർത്ഥത്തിന്റെ ആധാരത്തിൽ സൃഷ്ടിക്കുന്ന ഏകത ശാശ്വതമല്ല. നമ്മുടെ രാജ്യത്ത് ഇത്രയും വിവിധതകളുണ്ടായിട്ടും ഒറ്റ രാഷ്ട്രമെന്ന നിലയിൽ കോർത്തിണക്കുന്ന അസ്തിത്വത്തെ ജനങ്ങൾ തിരിച്ചറി യാനും സമയമെടുക്കും. എന്നാൽ നമ്മുടെ ഈ ദേശം, ഒരു രാഷ്ട്രമെന്ന നിലയിൽ, ഒരു സമാജമെന്ന നിലയിൽ, ലോക ചരിത്രത്തിലുണ്ടായ എല്ലാ പ്രതിബന്ധങ്ങളെയും മറികടന്ന് ഭൂതകാലത്തിന്റെ ചരടിനാൽ ഇണക്കി അവിച്ഛിന്നമായ ബന്ധം നിലനിർത്തിക്കൊണ്ട് സജീവ മായി നിലനില്ക്കുന്നു.

“യൂനാന് മിസ്ര റോമാ സബ് മിട് ഗയേ ജഹാം സേ,
അബ് തക് മഗര് ഹേ ബാകീ നാമോം നിശാം ഹമാരാ,
കുഛ് ബാത് ഹേ കി ഹസ്തി മിട്തി നഹി ഹമാരി,

സദിയോം രഹാ ഹേ ദുശ്മന് ദൗരേം ജഹാം ഹമാരാ"

(ഗ്രീക്കും ഈജിപ്തും റോമുമൊക്കെ നശിച്ച് നാമാവശേഷമായി. എന്നാൽ ഇപ്പോഴും നമ്മുടെ പേരും പെരുമയും ശേഷിക്കുന്നു. എത്രയെത്ര നൂറ്റാണ്ടുകളായി ശത്രുക്കളെത്രയോ പടയോട്ടം നടത്തി. എന്നിട്ടും നശിക്കാത്തതായി ചിലതുണ്ട് നമ്മുടേതായി)

ഭാരതത്തിന് പുറത്തുള്ള ജനത ആശ്ചര്യപ്പെട്ടേക്കാം, എന്നാൽ മനസുകളെ ആകർഷിക്കുന്ന ഈ ഏകാത്മകത നമ്മുടെ പാരമ്പര്യമാണ്. ഇതിന്റെ രഹസ്യമെന്താണ്? തീർച്ചയായും അത് സർവ്വാശ്ലേഷിയായ നമ്മുടെ സംസ്കാരമാണ്. പൂജ, പരമ്പര, ഭാഷ, ദേശം, ജാതി സമ്പ്രദായങ്ങൾ തുടങ്ങിയ ഭേദങ്ങളിൽ നിന്നെല്ലാം ഉയർന്ന് സ്വന്തം കുടുംബം മുതൽ വിശ്വകുടുംബം വരെ ആത്മീയതയുടെ അടിസ്ഥാനത്തിൽ വികസിക്കുന്ന നമ്മുടെ ജീവിതരീതിയാണത്. നമ്മുടെ പൂർവ്വികർ സാംസ്കാരിക ഏകതയുടെ സത്യത്തെ സാക്ഷാത്കരിച്ചു. അതിന്റെ ഫലമായി ശരീരം, മനസ്സ്, ബുദ്ധി എന്നിവയെ ഒരുപോലെ ഉയർത്തി, മൂന്നിനും സുഖം പകരുന്ന, അർത്ഥ- കാമങ്ങളെ സംയോജിപ്പിച്ച് മോക്ഷത്തിലേക്ക് നയിക്കുന്ന ധർമ്മതത്വം അവർ പ്രാപ്തമാക്കി. ഇതിന്റെ ആധാരത്തിൽ സത്യം, കരുണ, ശുചിത്വം, തപസ്സ് എന്നിങ്ങനെ ധർമ്മത്തിന്റെ നാല് ശാശ്വത മൂല്യങ്ങളെ മുന്നിർത്തിയുള്ള ആചരണത്തിലൂടെ സംസ്കൃതിയുടെ വികാസം സാധ്യമാക്കി. നാലു അതിർത്തികളും സുരക്ഷിതവും, സമൃദ്ധവുമായ നമ്മുടെ മാതൃഭൂമിയുടെ അന്നവും വായുവും ജലവും കാരണമാണിതുണ്ടായത്. ഇതുകൊണ്ടാണ് ഈ ഭാരതഭൂമിയെ സംസ്കൃതിയുടെ അധിഷ്ഠാനദേവതയായി കണ്ട് നാം ഭക്തിപൂർവ്വം പൂജിക്കുന്നത്.

ഈയടുത്ത് സ്വാതന്ത്ര്യലബ്ധിയുടെ എഴുപത്തഞ്ചാം വാർഷികവേളയിൽ ധീരരായ സ്വാതന്ത്ര്യസമരത്തിലെ മഹത്തുക്കളെ നാം അനുസ്മരിച്ചു. നമ്മുടെ ധർമ്മം, സംസ്കാരം, സമാജത്തിന്റെയും രാജ്യത്തിന്റെയും സംരക്ഷണം, സമയാസമയങ്ങളിൽ അവയിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി വൈഭവം വർദ്ധിപ്പിച്ച് നിലനിർത്തിയ പൂർവ്വികർ നമ്മുടെ അഭിമാനമാണ്. അവരെ നമ്മള് മാതൃകയാക്കേണ്ടതാണ്. ഭാഷാ, സംസ്ഥാനം, ആരാധനാരീതി, സമ്പ്രദായം, ജാതി, ഉപജാതി തുടങ്ങിയ എല്ലാ ഭേദങ്ങളെയും ഒറ്റ ചരടിൽ കോർത്തിണക്കി രാഷ്ട്രസ്വരൂപത്തിൽ ഉയർത്തി നിർത്തുന്നത് ഈ മൂന്ന് ഘടകങ്ങളാണ്. മാതൃഭൂമിയോടുള്ള ഭക്തി, പൂർവ്വികരിലുള്ള അഭിമാനം, സമാന സംസ്കൃതി എന്നിവയാണ് രാഷ്ട്ര ഏകതയുടെ പൊട്ടാത്ത ചരട്.

സമാജത്തിന്റെ ശാശ്വതമായ ഐക്യം ഉടലെടുക്കുന്നത് സ്വന്തമെന്ന ഭാവത്തിൽ നിന്നാണ്, വ്യക്തിഗത ഇടപാടുകളിൽ നിന്നല്ല. നമ്മുടെ സമാജം വളരെ വലുതാണ്. ധാരാളം വിവിധതകൾ നിറഞ്ഞതാണ്. കാലക്രമത്തിൽ കുറച്ച് വിദേശ അക്രമങ്ങളുടെ പരമ്പരകളും നമ്മുടെ ഇടയിലെത്തി. എന്നിട്ടും നാം ഈ മൂന്ന്

ഘടകങ്ങളുടെ ആധാരത്തിൽ ഒറ്റ രാഷ്ട്രമായി നിലകൊണ്ടു. അതുകൊണ്ടുതന്നെ ഏകതയെ കുറിച്ച് എപ്പോൾ ചർച്ച ചെയ്യുമ്പോഴും അത് എന്തെങ്കിലും കൊടുക്കൽ വാങ്ങലുകൾ കൊണ്ട് ഉണ്ടായതല്ല എന്ന് മനസ്സിലാക്കണം. ബലപ്രയോഗത്തിലൂടെ ആണ് അത് ഉണ്ടായതെങ്കിൽ വീണ്ടും വീണ്ടും തകർന്നേനെ. ഇന്നത്തെ അന്തരീക്ഷത്തിൽ സമാജത്തിൽ ചേരിതിരിവ് ഉണ്ടാക്കാനുള്ള പരിശ്രമങ്ങൾ കണ്ട് സ്വാഭാവികമായും നിരവധി ആളുകളിൽ ആശങ്കയുണ്ട്. മുസ്ലീം, ക്രിസ്ത്യൻ എന്ന് പറയുംപോലെ ആരാധനാക്രമം കൊണ്ട് ഹിന്ദുക്കളായ സജ്ജനങ്ങളുമുണ്ട്. അക്രമത്തിനും സംഘർഷത്തിനും ഒന്നുംപോകാതെ അനുരഞ്ജനത്തിലും സുരക്ഷിതത്വത്തിലും സമാധാനത്തിലും പോകുന്നതാണ് നല്ലതെന്ന് കരുതുന്നവർ. ഇത്തരം ചർച്ചകൾക്കിടെ ആദ്യം മനസ്സിലാക്കേണ്ട കാര്യം ഒരു ഭൂമിയിൽ വന്ന് ഒരുമിച്ച് ചേർന്നവരായതുകൊണ്ടല്ല നമ്മൾ ഒന്നാണെന്ന് പറയുന്നത് എന്നതാണ്. നമ്മൾ ഒരേ പൂർവ്വികരുടെ വംശക്കാരാണ്. ഒരേ മാതൃഭൂമിയുടെ മക്കളാണ്. ഒരേ സംസ്കൃതിയുടെ പിന്തുടർച്ചക്കാരാണ്. ഏകതയുടെ ഈ അടിസ്ഥാനത്തെ തിരിച്ചറിഞ്ഞ് അതിന്റെ ആധാരത്തിൽ വീണ്ടും നമ്മൾ ഒന്നാകണം.

നമുക്കിടയിൽ പ്രശ്നങ്ങളില്ലെന്നാണോ? നമ്മുടെ സ്വന്തം വികാസത്തിന് ആഗ്രഹം ആവശ്യമില്ലെന്നാണോ? ആ വികാസത്തിനായി നമ്മൾ പരസ്പരം മത്സരിക്കുന്നില്ലെന്നാണോ? എല്ലാ ജനങ്ങളും മനസാ വാചാ കർമ്മണാ ഏകാത്മകതയുടെ ആ ആധാരത്തെ മനസിലാക്കി പെരുമാറുന്നു എന്നാണോ? ഇങ്ങനെയൊന്നുമല്ലെന്ന് എല്ലാവർക്കും അറിയാം. എന്നാൽ ആദ്യം പ്രശ്നങ്ങളെല്ലാം പരിഹരിച്ചിട്ട്, സമാധാനമുണ്ടാക്കിയിട്ട് ഏകതയെക്കുറിച്ച് സംസാരിക്കാം എന്ന് ഒരുമ ആഗ്രഹിക്കുന്നവർ തൃപ്തരാകില്ല. ഇതെല്ലാം മനസ്സിലാക്കി നാമോരുത്തരും അവരവരുടെ കാഴ്ചപ്പാടിലും പെരുമാറ്റത്തിലും തുടക്കമിട്ടാൽ പ്രശ്നങ്ങൾക്ക് പരിഹാരമാകും. അവിടെയും ഇവിടെയുമുണ്ടാകുന്ന പ്രശ്നങ്ങളിൽ ചഞ്ചലിതരാകാതെ ശാന്തമായി സംയമത്തോടെ പ്രവർത്തിക്കേണ്ടിവരും. പ്രശ്നങ്ങൾ വാസ്തവമാണ്. എന്നാലത് ഏതെങ്കിലും ഒരു ജാതിയുടെയോ വർഗത്തിന്റെയോ മാത്രമല്ല. അവ പരിഹരിക്കുന്നതിനുള്ള പരിശ്രമത്തോടൊപ്പം ആത്മീയതയുടെയും ഏകതയുടെയും മാനസികാവസ്ഥയും വളരണം. ഇരയുടേതായ മാനസികാവസ്ഥ, പരസ്പരമുള്ള അവിശ്വാസം തുടങ്ങിയ വിഷയങ്ങളെ കക്ഷിരാഷ്ട്രീയമത്സരങ്ങളുടെ തന്ത്രങ്ങളിൽ നിന്ന് വേറിട്ട് കാണണം. ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയം ഒരു തടസ്സമാവുകയേ ഉള്ളൂ. ഇതിൽ കീഴടങ്ങലിന്റെയോ നിർബന്ധത്തിന്റെയോ പ്രശ്നങ്ങളില്ല. യുദ്ധംചെയ്യുന്ന രണ്ട് കക്ഷികൾ തമ്മിലുള്ള വെടിനിർത്തലുമല്ല. ഭാരതത്തിന്റെ സകല വിവിധതകളെയും കോർത്തിണക്കുന്ന ഏകതയുടെ ചരടിനെ മനസ്സിലാക്കി അതിനെ സ്വന്തം ജീവിതത്തിൽ ആവിഷ്കരിക്കുന്നതിനുള്ള ആഹ്വാനമാണ്. എഴുപത്തഞ്ചാണ്ട്

പിന്നിട്ട സ്വതന്ത്രഭാരതത്തിന്റെ ഭരണഘടന നമുക്ക് കാട്ടിത്തന്നത് ഈ ദിശയാണ്. ഭരണഘടനയെ അവതരിപ്പിച്ചുകൊണ്ട് പൂജ്യ ഡോ. ബാബാസാഹേബ് അംബേദ്കർ ഭരണഘടനാ സഭയിൽ ചെയ്ത രണ്ട് പ്രസംഗങ്ങൾ ശ്രദ്ധിച്ചാൽ നമുക്കീ കാര്യം മനസിലാകും.

ഇത് പെട്ടന്ന് ചെയ്യേണ്ടുന്ന ഒരു കാര്യമല്ല. പുരാതനമായ സംഘർഷങ്ങളുടെ കയ്പ് നിറഞ്ഞ ഓർമ്മകൾ ഇപ്പോഴും സമാജമനസ്സിലുണ്ട്. വിഭജനത്തിന്റെ ദാരുണമായ ദുരന്തം സൃഷ്ടിച്ച മുറിവുകൾ ആഴത്തിലുണ്ട്. അതിന്റെ ഫലമായുണ്ടായ ക്ഷോഭം വാക്കിലും പെരുമാറ്റത്തിലും പ്രകടമാകും. ഒരാൾക്ക് മറ്റൊരാളുടെ സ്ഥലത്ത് താമസിക്കാൻ ഇടം നിഷേധിക്കുന്നതുമുതൽ ഉയർന്നവരെന്നും താഴ്ന്ന വരെന്നുമൊക്കെയുള്ള തിരസ്കാരത്തിന്റെ വ്യവഹാരങ്ങൾ വരെ കയ് പുള്ള അനുഭവങ്ങളുണ്ട്. കൊല പാതകം, കലാപം, പീഡനം തുടങ്ങിയവയുടെ ദോഷ ങ്ങൾ പരസ്പരമുള്ള പെരുമാറ്റത്തിൽ നിഴലിക്കാറുണ്ട്. ചിലർ ചെയ്യുന്ന കാര്യങ്ങൾ ആ സമാജം മുഴുവനും ചെയ്യുന്നതാണ് എന്ന തരത്തിലുള്ള വർത്തമാനവും ചിന്തകളും ഒഴിവാക്കണം. അങ്ങോട്ടുമിങ്ങോട്ടും വെല്ലു വിളിച്ചാൽ അവ ഓർമ്മകളിൽ അവശേഷിക്കുകയേ ഉള്ളൂ.

## ടൂൾ കിറ്റുകളിൽ കുടുങ്ങരുത്

നമ്മളോട് യുദ്ധം ചെയ്ത് രാജ്യത്തെ തകർക്കാൻ ആഗ്രഹിക്കുന്ന ശക്തികളാവും ഇത് പരമാവധി മുത ലെടുക്കുക. ചെറിയ ചെറിയ സംഭവങ്ങളെ പെരുപ്പിച്ച് കാട്ടി പ്രചരിപ്പിക്കുന്നു. രാജ്യത്തിനകത്തുനിന്നും വിദേശ ത്തുനിന്നും ആശങ്കയും മുന്നറിയിപ്പും പ്രകടമാക്കുന്ന പ്രസ്താവനകൾ സംഘടിപ്പിക്കുന്നു, അക്രമത്തെ പ്രേരിപ്പിക്കുന്ന 'ടൂൾകിറ്റുകൾ' സജീവമാക്കി പരസ്പരം അവിശ്വാസവും വിദ്വേഷവും വർദ്ധിപ്പിക്കുന്നു.

സമാജത്തിൽ സമരസത ആഗ്രഹിക്കുന്ന എല്ലാവരും ഇത്തരം മരണക്കളികൾ സൃഷ്ടിക്കുന്ന തെറ്റിദ്ധാരണ കളിൽ നിന്ന് രക്ഷപ്പെടണം. ഈ പ്രശ്നങ്ങളുടെയെല്ലാം കാരണം പതുക്കെ പതുക്കെ പുറത്തുവരും. അതിനായി രാജ്യത്ത് വിശ്വാസത്തിന്റെയും സൗഹാർദ്ദത്തിന്റെയും അന്തരീക്ഷം ശക്തമാകണം. നമ്മുടെ മനസ്സിനെ സ്ഥിരമാക്കി, ആത്മവിശ്വാസത്തോടെ പരസ്പരം സംവാദത്തിലേർപ്പെടണം, പരസ്പരം മനസ്സിലാക്കണം. പരസ്പരം ബഹുമാനിക്കണം, എല്ലാവരും തമ്മിലുള്ള ബന്ധം ദൃഢമാകണം. മനസാ വാചാ കർമ്മണാ ഇങ്ങനെ മുന്നോട്ടുപോകണം. പ്രചരണങ്ങളുടെയോ ധാരണകളുടെയോ അടിസ്ഥാനത്തിലല്ല, വസ്തുതകളെ മനസിലാക്കി പ്രവർത്തിക്കണം. ധൈര്യത്തോടെ, സംയമനത്തോടെ, സഹിഷ്ണുതയോടെ, വാക്കിലും പ്രവർത്തിയിലും, തീവ്രതയും ക്രോധവും ഭയവും ഉപേക്ഷിച്ച്, ദൃഢതയോടെ സങ്കല്പ ബദ്ധരായി സുദീർഘ മായി നിരന്തരം പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്.

ശുദ്ധമായ മനസ്സിൽ നിന്ന് എടുക്കുന്ന സത്സങ്കല്പങ്ങളാണ് പൂർണമാവുക.

ഏത് സാഹചര്യത്തിലും, എത്ര അന്യായമായാലും, ക്രമസമാധാനവും അച്ചടക്കവും ഭരണഘടനയും നിർബന്ധമായും പാലിക്കണം. ഒരു സ്വതന്ത്ര രാഷ്ട്രത്തിൽ ഈ പെരുമാറ്റം ദേശസ്നേഹത്തിന്റെ പ്രകടനമാണ്. മാധ്യമങ്ങൾ നടത്തുന്ന പ്രകോപനപരമായ പ്രചാരണങ്ങളിലും തുടർന്നുവരുന്ന ആരോപണ, പ്രത്യാരോപണങ്ങളുടെ മത്സരങ്ങളിലും കുടുങ്ങരുത്. സമാജത്തിൽ സത്യവും ആത്മീയതയും പ്രചരിപ്പിക്കാൻ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തണം. കൊലപാതകങ്ങളും ഗുണ്ടായിസവും അവസാനിപ്പിച്ച്, നിയമങ്ങളെയും ഭരണഘടനയെയും സമാജത്തെയും സംരക്ഷിക്കുന്നതിന് ആദ്യം ചെയ്യേണ്ടത് അതിനായുള്ള സർക്കാരിന്റെ ഉചിതമായ നടപടികളോട് സഹകരിക്കുക എന്നതാണ്.

**നമുക്ക് ചെയ്യാനുള്ളത്**

2024 ന്റെ ആദ്യ നാളുകളിൽ തന്നെ ലോക്സഭാ തെരഞ്ഞെടുപ്പ് ഉണ്ട്. വികാരങ്ങൾ ആളിക്കത്തിച്ചു കൊണ്ട് വോട്ട് കൊയ്യെടുക്കാനുള്ള ശ്രമങ്ങൾ തെരഞ്ഞെടുപ്പിൽ പ്രതീക്ഷിക്കുന്നില്ലെങ്കിലും അത് നടന്നുകൊണ്ടിരിക്കുന്നു. സമൂഹത്തെ ഭിന്നിപ്പിക്കുന്ന ഇത്തരം കാര്യങ്ങളിൽ നിന്ന് നമുക്ക് ഒഴിവാകാം. വോട്ട് ചെയ്യുന്നത് ഓരോ പൗരന്റെയും കടമയാണ്. അത് പാലിക്കണം. രാജ്യത്തിന്റെ ഐക്യം, അഖണ്ഡത, അസ്മിത, വികസനം തുടങ്ങിയ വിഷയങ്ങൾ പരിഗണിച്ച് വോട്ട് രേഖപ്പെടുത്തുക.

2025 – 2026ൽ സംഘം നൂറ് വർഷം പൂർത്തിയാക്കുകയാണ്. മേല്പറഞ്ഞ കാര്യങ്ങളിൽ സംഘ പ്രവർത്തകർ മുന്നോട്ടുപോകണം. സമാജത്തിന്റെയാകെ പെരുമാറ്റത്തിലും സംസാരത്തിലും ദേശത്തോടുള്ള മമതാ ഭാവം നിറയണം. ക്ഷേത്രം, വെള്ളം, ശ്മശാനം തുടങ്ങി ഭേദഭാവം ഇനിയും എവിടെയെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ അത് സമ്പൂർണമായും അവസാനിപ്പിക്കണം.

കുടുംബത്തിലെ എല്ലാ അംഗങ്ങളിലും ശുഭകാര്യങ്ങൾ നിത്യവും സംസാരിക്കുന്നതിന്റെ (നിത്യമംഗളസംവാദം), സംസ്കാരം നിറഞ്ഞ പെരുമാറ്റത്തിന്റെ സംഭാഷണത്തിന്റെ ശീലം വളർത്തി സമൂഹത്തെ സേവിക്കുന്നത് തുടരണം. ജലം സംരക്ഷിച്ച്, പ്ലാസ്റ്റിക് വിമുക്തമാക്കി, നമ്മുടെ മുറ്റങ്ങളിൽ പച്ചപ്പ് നിറച്ച് പ്രകൃതിയുമായുള്ള ബന്ധം ശക്തമാക്കണം. സ്വദേശി ആചരണത്തിലൂടെ സ്വ നിർഭരതയും സ്വാവലംബനവും വളർത്തണം. ധൂർത്ത് അവസാനിപ്പിക്കണം. രാജ്യത്ത് തൊഴിൽ അവസരങ്ങൾ വർദ്ധിക്കുകയും നമ്മുടെ സമ്പത്ത് രാജ്യത്തിനുള്ളിൽ തന്നെ വിനിയോഗിക്കുകയും വേണം. ഇതിനായി സ്വദേശി ആചരണം വീടിനുള്ളിൽനിന്ന് ആരംഭിക്കണം. നിയമങ്ങളും പൗരധർമ്മവും പാലിക്കുകയും സമാജത്തിൽ പരസ്പര സൗഹാർദ്ദം ഉണ്ടാകുകയും

വേണം. ഒപ്പം സഹകരണ മനോഭാവം എല്ലായിടത്തും വ്യാപകമാകണം. ഈ അഞ്ച് കാര്യങ്ങൾ എല്ലാവരുടെയും ആചരണത്തിലുണ്ടാകണം. എന്നാല് ഇതിന് പരിശീലനം ആവശ്യമാണ്. ചെറിയ ചെറിയ കാര്യങ്ങളിൽ തുടങ്ങി, തുടർച്ചയായ അഭ്യാസത്തിലൂടെ ഈ ആചരങ്ങൾ നമ്മുടെ ശീലമായി മാറണം. സമാജത്തിൽ കുറവുകളനുഭവിക്കുന്ന ബന്ധുജനങ്ങളെ സേവിക്കുന്നതിനൊപ്പം തന്നെ വരുന്ന ദിവസങ്ങളിൽ സംഘത്തിന്റെ പ്രവർത്തകർ ഈ അഞ്ച് കാര്യങ്ങളും ആദ്യം സ്വയം ആചരിച്ചുകൊണ്ട് സമാജത്തെ അതിൽ പങ്കാളികളാക്കാൻ പരിശ്രമിക്കും. ഭരണകൂടവും സമാജത്തിലെ സജ്ജനങ്ങളും സമാജഹിതത്തിനായി ചെയ്യുന്ന, ചെയ്യാൻ ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളിലും സംഘപ്രവർത്തകരുടെ പങ്കാളിത്തം എപ്പോഴുമുണ്ടാകും.

സമാജത്തിന്റെ ഏകത, പുരോഗതി, എല്ലാ ദിശകളിലുമുള്ള നിസ്വാർത്ഥമായ പരിശ്രമം, ജനഹിതത്തിനായുള്ള സർക്കാർ, ജനോന്മുഖമായ ഭരണം, തനിമയുടെ അടിസ്ഥാനത്തിലുള്ള ഉയർച്ച, ഒരുമിച്ച് ചേർന്നുള്ള പ്രയത്നം ഇതിലൂടെയാണ് രാഷ്ട്രത്തിന്റെ ബലവും വൈഭവവും ഫലപ്രാപ്തിയിലെത്തുക. ശക്തികൊണ്ടും വൈഭവം കൊണ്ടും സമ്പന്നമായ രാഷ്ട്രത്തോടൊപ്പം കുടുംബത്തെ മാനിക്കുന്ന, ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുന്ന, അസത്തിൽ നിന്ന് സത്തിലേക്ക് ഉയർത്തുന്ന, മർത്ത്യജീവിതത്തെ സാർത്ഥകമാക്കുന്ന, അമൃതജീവിതത്തിലേക്ക് നയിക്കുന്ന നമ്മുടെ സനാതന സംസ്കൃതി കൂടി ചേരുമ്പോൾ രാഷ്ട്രം ലോകത്തിന്റെ നഷ്ടപ്പെട്ട സന്തുലിതാവസ്ഥ തിരികെ കൊണ്ടുവരികയും വിശ്വമാകെ സുഖശാന്തിമയമായ പുതുജീവിതത്തിന്റെ വരദാനം പ്രദാനം ചെയ്യുന്നു. ആധുനിക കാലത്ത് നമ്മുടെ അനശ്വര രാഷ്ട്രത്തിന്റെ നവോത്ഥാനത്തിന്റെ ലക്ഷ്യം ഇതാണ്.

"ചക്രവർത്തിയോം കി സന്താൻ, ലേകർ ജഗത്ഗുരു കാ ജ്ഞാൻ,

ബഢേ ചലേ തോ അരുണ് വിഹാൻ, കർനേ കോ ആയേ അഭിഷേക്,

പ്രശ്ന് ബഹുത് ഹേ ഉത്തർ ഏക്"

(ജഗദ്ഗുരുവിന്റെ അറിവ് പേറുന്ന ചക്രവർത്തിയുടെ മക്കൾ നമ്മൾ മുന്നോട്ടുപോയാൽ അരുണവർണമാർന്ന ഉദയമെത്തും. അഭിഷേകം നടത്താൻ. പല ചോദ്യങ്ങളിൽ നിന്ന് ഒരേയൊരുത്തരത്തിലേക്ക്).


ഭാരത് മാതാ കി ജയ് !

---

## അമ്മയുടെ വിജയദശമി സന്ദേശം
## (മാതാഅമൃതാനന്ദമയി ദേവി)

ശ്രദ്ധേയമായ വിജയത്തിന്റെ ആഘോഷമാണ് വിജയദശമി. ജീവിതത്തിൽ പലവിധ വിജയങ്ങൾ അനുഭവിച്ചവരാണ് നമ്മളെല്ലാവരും. ഉദാഹരണത്തിന്, സ്കൂൾ, കോളേജ് പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടുക, മത്സരങ്ങളിൽ വിജയിക്കുക, കായികരംഗത്തെ വിജയം,

കല അല്ലെങ്കിൽ ബിസിനസ്സ് സംരംഭങ്ങൾ, യുദ്ധത്തിലെ വിജയം തുടങ്ങിയവ. എന്നിരുന്നാലും, എല്ലാറ്റിലും വലിയ വിജയം നമ്മുടെ സ്വന്തം മനസ്സിന്റെ മേലുള്ള വിജയമാണ്. അത്തരമൊരു വിജയത്തിന്റെ ആഘോഷമാണ് വിജയദശമി. എല്ലാ പൈശാചിക ശക്തികളും ദൈവിക ശക്തികളും നമ്മുടെ മനസ്സിൽ കുടികൊള്ളുന്നു.




പൈശാചിക ശക്തികൾക്കെതിരെ ദൈവിക ശക്തികൾ നേടിയ വിജയത്തിന്റെ ആഘോഷമാണ് വിജയദശമി. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിജയദശമി എന്നത് നമ്മുടെ താഴ്ന്ന പ്രവണതകൾക്കെതിരായ നമ്മുടെ വിജയവും നമ്മുടെ യഥാർത്ഥ ദൈവിക സ്വഭാവത്തിന്റെ സാക്ഷാത്കാരവുമാണ്. അത് പരിമിതമായതിനെ മറികടക്കുകയും അനന്തമായതിനെ സാക്ഷാത്കരിക്കുകയും ചെയ്യുന്നു.

നവരാത്രി എന്ന പദം രണ്ട് പദങ്ങളിൽ നിന്നാണ് സംയോജിപ്പിച്ചിരിക്കുന്നത്: ഒമ്പത് എന്നർത്ഥമുള്ള നവ, അറിവ് എന്നർത്ഥം വരുന്ന രാത്രം. അതിനാൽ, നവരാത്രി എന്ന പദം കേവലമായ അറിവിലേക്കുള്ള ഒമ്പത് ദിവസത്തെ യാത്രയെ സൂചിപ്പിക്കുന്നു. അവസാന ദിവസം, അല്ലെങ്കിൽ സമ്പൂർണ്ണ അറിവിന്റെ ദിവസം, വിജയദശമിയാണ്.

സത്യത്തിൽ ഈ തിരിച്ചറിവ് ഒരു ദിവസം കൊണ്ട് സംഭവിക്കേണ്ട ഒന്നല്ല. അത് തുടർച്ചയായി എല്ലാ ദിവസങ്ങളിലും നമ്മുടെ ഉള്ളിൽ തന്നെ സംഭവിക്കണം. അത്തരമൊരു വിജയം നേടുന്നതിന്, നമുക്ക് പരാശക്തിയുടെ അനുഗ്രഹം ആവശ്യമാണ് – പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന പരമമായ അതീന്ദ്രിയ ശക്തി. അതുകൊണ്ടാണ് നമ്മൾ ആ പരാശക്തിയെ ആരാധിക്കുന്നത് – മാതാവും സ്ത്രീരൂപവും പ്രകൃതിയും, എല്ലാം സമന്വയിപ്പിച്ച രൂപം.

ജീവിതത്തിലെ എല്ലാ നേട്ടങ്ങൾക്കും പുരോഗതിക്കും കാരണമായത് പ്രപഞ്ചശക്തിയായ ദേവിയുടെ കൃപയാണ്. അവൾ അറിവും സ്നേഹവും എല്ലാ ആദർശ ഗുണങ്ങളും ആയി പ്രകടമാകുന്നു. ഈ പ്രപഞ്ചം മുഴുവൻ ആ പ്രാപഞ്ചിക ശക്തിയുടെ ലീല മാത്രമാണ്. അതിനാൽ, നാം എല്ലാറ്റിലും പ്രപഞ്ചമാതാവിനെ കാണുകയും മുൻവിധികളില്ലാതെ എല്ലാവരേയും ഒരുപോലെ സ്നേഹിക്കുകയും സേവിക്കുകയും വേണം. വിജയദശമി നിങ്ങളിൽ ഓരോരുത്തരിലും തിളങ്ങട്ടെ. ദൈവകൃപ നിങ്ങൾക്കെല്ലാവർക്കും അനുഗ്രഹം ചൊരിയട്ടെ.

———————————————

# വിഷ്ണ സഹസ്രനാമത്തിലൂടെ വിഷ്ണ പുത്രനായ (മോഹിനീസുതൻ) അയ്യപ്പനിലേക്ക്.

(ശ്രീ. സി. പ്രഭാകരൻ – ഗുജറാത്ത്, SASS ദേശീയ സെക്രട്ടറി)



ഗുജറാത്തിലെ അയ്യപ്പ യോഗങ്ങളിൽ പതിവായി ആലാപനം ചെയ്യുന്ന വിഷ്ണ സഹസ്രനാമത്തിൽ ആകൃഷ്ടരായി സ്ഥാനീയരായ ഗുജറാത്തി, രാജസ്ഥാനി കുടുംബങ്ങളും പങ്കെടുക്കുന്നു. ഭജനക്ക് പ്രാധാന്യം കൊടുക്കുന്ന അയ്യപ്പ യോഗങ്ങളേക്കാൾ വിഷ്ണ സഹസ്രനാമം ജപിക്കുന്ന അയ്യപ്പ യോഗങ്ങളിൽ അമ്മമാർ കൂടുതലായി പങ്കെടുക്കുന്നു. സഞ്ചാലികമാർ നയിക്കുന്ന അയ്യപ്പ യോഗങ്ങൾ മാതൃശക്തിയേയും സംഘടിതശക്തിയായി ഉയർത്തുന്നു. അയ്യപ്പ യോഗങ്ങളിലൂടെ കിട്ടുന്ന നാമജപ ശീലം ദിവസേന വിളക്ക് കൊളുത്തി കുടുംബത്തോടൊപ്പം നാമജപം നടത്താൻ പ്രേരണയേകുന്നു. ഗുജറാത്തിലെ അനേകം വീടുകളിൽ നമുക്ക് നഷ്ടപ്പെട്ട നാമജപ ശീലം തിരിച്ച് വരുന്നു. ഗുജറാത്തിൽ വിജയിക്കുന്ന അയ്യപ്പ യോഗങ്ങളുടെ രീതി പിന്തുടർന്നാൽ അയ്യപ്പ ധർമ്മ പ്രചാരണം നമുക്ക് ഓരോ കുടുംബത്തിലും എത്തിക്കാം.

ജന്മ മരണ സംസാര മുക്തിക്കും ശാന്തിക്കും ഐശ്വര്യത്തിനും വേണ്ടിയാണല്ലോ നാമജപം. 5000 വർഷങ്ങൾക്ക് മുമ്പ് ശ്രീകൃഷ്ണന്റെ സാന്നിധ്യത്തിൽ തന്നെ ഭീഷ്മാചാര്യരിലൂടെ ഒഴുകിവന്ന വിഷ്ണ സഹസ്രനാമം, മന്ത്രദ്രഷ്ടാക്കളായ ഋഷിമാരിലൂടെ നമുക്ക് കിട്ടിയ അമൃതാണ്. തലമുറ തലമുറയായി ജപിച്ച് വന്ന വിഷ്ണ സഹസ്രനാമത്തിന്റെ ഗംഗാ പ്രവാഹത്തെ അടുത്ത തലമുറയിലേക്കും വ്യാപിപ്പിക്കാം. അതിലൂടെ മോഹിനി സുതനായ അയ്യപ്പന്റെ സന്ദേശവും അയ്യപ്പ സ്വാമി ദർശനവും പ്രാപ്യമാക്കാം. വിഷ്ണസഹസ്രനാമത്തിന്റെ മഹത്വവും അയ്യപ്പ യോഗങ്ങളിൽ വിശദീകരിക്കുന്നതു കാരണം വിഷ്ണ സഹസ്രനാമം അയ്യപ്പ യോഗങ്ങളുടേയും ആകർഷണ കേന്ദ്രമായിരിക്കുന്നു.

പ്രതിവാര അയ്യപ്പ യോഗങ്ങളിൽ നടക്കുന്ന ചർച്ചകൾ, കഥകൾ, പ്രഭാഷണങ്ങൾ എന്നിവയിലൂടെ വിഷ്ണ പുത്രനായ അയ്യപ്പനെ കുറിച്ചും അവർ മനസ്സിലാക്കുന്നു. കഴിഞ്ഞ വർഷം മുതൽ തുടങ്ങി വെച്ച, ഗുജറാത്തികളെക്കൂടി പങ്കെടുപ്പിച്ച് നടത്തുന്ന ശബരിമല തീർത്ഥാടനത്തിലൂടെ, സ്ഥാനീയരായവരും ശബരിമല ദർശനവും നടത്താൻ തുടങ്ങിയിരിക്കുന്നു.

ഗുജറാത്തി കുടുംബങ്ങളിലും മറ്റും പതിവായി ജപിക്കാറുള്ള ഹനുമാൻ ചാലിസ, വിഷ്ണ സഹസ്രനാമം തുടങ്ങിയവ, ഇടക്കാലത്ത് നാമജപം നിലച്ചിരുന്ന ദക്ഷിണ ഭാരതീയ കുടുംബങ്ങളിലും ജപിക്കാൻ തുടങ്ങിയിരിക്കുന്നു. സ്വാമി അയ്യപ്പൻ അത്ര സുപരിചിതമല്ലാത്ത മദ്ധ്യപ്രദേശിലും, മറ്റ് ഉത്തര ഭാരതീയ സംസ്ഥാനങ്ങളിലും ഇത്തരം അയ്യപ്പ യോഗങ്ങൾ വ്യാപകമാവുന്നു...

വിഷ്ണുവിനും വിഷ്ണു പുത്രനും ഹിന്ദി ഭാഷി സംസ്ഥാനങ്ങളേയും ഇതര സംസ്ഥാനങ്ങളേയും ഹിന്ദുത്വത്തിന്റേതായ പട്ടുനൂലിൽ കോർത്തിണക്കി ഹിന്ദു ഐക്യത്തിനും കളമൊരുക്കാൻ സാധിക്കും. ഹിന്ദി ഭാഷി സംസ്ഥാനങ്ങളിൽ വിഷ്ണു സഹസ്രനാമത്തിലൂടെ വിഷ്ണുവിനോടൊപ്പം വിഷ്ണു പുത്രനായ അയ്യപ്പനേയും ഓരോ വീട്ടുകളിലും എത്തിക്കാൻ അയ്യപ്പ യോഗങ്ങൾ വ്യാപകമാക്കാം.

അയ്യപ്പധർമ്മത്തിലൂടെ (അയ്യപ്പധർമ്മവും ഹിന്ദു ധർമ്മവും സനാതനധർമ്മവും എല്ലാം ഒന്നുതന്നെയാണല്ലോ), അയ്യപ്പയോഗങ്ങളിലൂടെ ധർമ്മനിഷ്ഠരായ വ്യക്തികളെ, സമൂഹത്തെ വളർത്തിയെടുക്കാം. ഭാരതം പരമ വൈഭവത്തിലേക്ക്, വീണ്ടും വിശ്വഗുരു സ്ഥാനത്തേക്ക് കുതിക്കുന്നതിൽ SASS നും കാര്യമായ പ്രവര്‍ത്തനങ്ങൾ നിർവഹിക്കേണ്ടതുണ്ട്.

---

## ഭഗവത് ഗീത – രണ്ടാം അധ്യായം – സാംഖ്യയോഗം – (ശ്ലോകം : (51-55)



**ശ്ലോകം – 51**

കർമ്മജം ബുദ്ധിയുക്താ ഹി
ഫലം ത്യക്ത്വാ മനീഷിണഃ
ജന്മബന്ധവിനിർമ്മുക്താഃ
പദം ഗച്ഛന്ത്യനാമയം.

എന്തുകൊണ്ടെന്നാൽ, സമബുദ്ധിയുള്ളവർ കർമ്മത്തിൽ നിന്നുണ്ടാകുന്ന ഫലത്തെ ഉപേക്ഷിച്ചിട്ട്, ജ്ഞാനികളായി ഭവിച്ച്, ജനനം കൊണ്ടുണ്ടാകുന്ന ഇഹലോകബന്ധത്തിൽ നിന്ന് വേർപെട്ട്, ദുഃഖരഹിതമായ സ്ഥാനത്തെ പ്രാപിക്കുന്നു.

**ശ്ലോകം – 52**

യദാ തേ മോഹകലിലം
ബുദ്ധിർവ്യതിതരിഷ്യതി
തദാ ഗന്താസി നിർവേദം
ശ്രോതവ്യസ്യ ശ്രുതസ്യ ച

എപ്പോൾ നിന്റെ ബുദ്ധി അജ്ഞാനത്താൽ ഉണ്ടായിരിക്കുന്ന ദോഷത്തെ കടക്കുമോ, അപ്പോൾ കേൾക്കേണ്ടുന്നതിലും കേട്ടതിലും വൈരാഗ്യത്തെ നീ പ്രാപിക്കും.

**ശ്ലോകം – 53**

**ശ്രുതിവിപ്രതിപന്നാ തേ**
**യദാ സ്ഥാസ്യതി നിശ്ചലാ**
**സമാധാവചലാ ബുദ്ധി –**
**സ്തദാ യോഗമവാപ്സ്യസി.**

**പലവിധ ധർമ്മോപദേശങ്ങൾ കേട്ട് ഭ്രമിച്ചിരിക്കുന്ന നിന്റെ ബുദ്ധി എപ്പോഴാണ് സമാധിയിൽ (ആത്മസ്വരൂപത്തിൽ) ഇളകാതെ സ്ഥിരമായ നിലയിൽ നിൽക്കുന്നത് അപ്പോൾ യോഗത്തെ നീ പ്രാപിക്കും.**

**ശ്ലോകം – 54**

**അർജ്ജുന ഉവാച:**
**സ്ഥിതപ്രജ്ഞസ്യ കാ ഭാഷാ**
**സമാധിസ്ഥസ്യ കേശവ!**
**സ്ഥിതധീ: കിം പ്രഭാഷേത!**
**കിമാസീത വ്രജേത കിം?**

**അർജ്ജുനൻ പറഞ്ഞു: അല്ലയോ കേശവ സമാധിഷ്ഠനായ സ്ഥിരബുദ്ധിയുള്ളവന്റെ ലക്ഷണമെന്ത്? സ്ഥിരബുദ്ധിയുള്ളവൻ എന്ത് സംസാരിക്കും? എങ്ങനെ സ്ഥിതിചെയ്യും, എങ്ങനെ സഞ്ചരിക്കും.?**

**ശ്ലോകം – 55**

**പ്രജഹാതി യദാ കാമാൻ**
**സർവാൻ പാർത്ഥ! മനോഗതാൻ**
**ആത്മന്യേവാത്മനാ തുഷ്ട:**
**സ്ഥിതപ്രജ്ഞസ്തദോച്യതേ.**

**അർജ്ജു! എപ്പോഴാണോ മനസ്സിലുള്ള എല്ലാ ആഗ്രഹങ്ങളേയും ഉപേക്ഷിച്ചിട്ട് ത്യജിച്ചിട്ട് ) ആത്മാവുകൊണ്ട് ആത്മാവിൽതന്നെ സന്തുഷ്ടനാകുന്നത്, അപ്പോൾ സ്ഥിതപ്രജ്ഞനെന്ന് പറയപ്പെടുന്നു.**

**( തുടരും)**

---

## സുഭാഷിതം – 47

ശശിനാച നിശാ നിശയാച ശശി
ശശിനാ നിശയാച വിഭാതി നഭഃ ।
പയസാ കമലം കമലേന പയഃ,
പയസാ കമലേന വിഭാതി സരഃ ॥

**शशिना च निशा निशया च शशी**
**शशिना निशया च विभाति नभः ।**
**पयसा कमलं कमलेन पयः**
**पयसा कमलेन विभाति सरः ।।**

**അർത്ഥം:** ശശിനാച – ചന്ദ്രനാൽ, നിശ– രാത്രി, നിശയാച– രാത്രിയാൽ, ശശി– ചന്ദ്രൻ ശശിനാ – ചന്ദ്രനും, നിശയാച – രാത്രിയും നിമിത്തം, വിഭാതി – അലങ്കരിക്കുന്നു, നഭഃ – ആകാശം.

പയസാ – വെള്ളം, കമലം – താമര, കമലേന – താമരയാൽ, പയ:– ജലം, പയസാ – ജലവും, കമലേന – താമരയും കാരണം, വിഭാതി – അലങ്കരിക്കുന്നു, സര: – കുളം.

ചന്ദ്രന്റെ അസ്തിത്വം രാത്രിയുടെ ഭംഗി വർദ്ധിപ്പിക്കുന്നു; രാത്രിയുടെ വരവ് ചന്ദ്രനെ തന്റെ സൗന്ദര്യം വെളിപ്പെടുത്താൻ സഹായിക്കുന്നു. അതുപോലെ, താമര ഒരു കുളത്തെ കൂടുതൽ മനോഹരമാക്കുന്നു; കുളത്തിലുള്ള വെള്ളം താമരയെ ആകർഷകമാക്കുന്നു. ഒരു കുടുംബത്തിന്റെയോ ഏതെങ്കിലും സ്ഥാപനത്തിന്റെയോ കാര്യത്തിലും ഇത് സമാനമാണ്. ആ പ്രത്യേക സ്ഥാപനത്തിന് നല്ല വളർച്ച ഉണ്ടാകുന്നതിന് അംഗങ്ങൾ പരസ്പരം ഗുണങ്ങൾ തിരിച്ചറിയുകയും പ്രോത്സാഹിപ്പിക്കുകയും വേണം. അത്തരം കുടുംബങ്ങളും സംഘടനകളും വീടിനെയും രാജ്യത്തെയും ഒരുപോലെ പരിപോഷിപ്പിക്കും.

---

## ക്വിസ് (വിജ്ഞാന പരീക്ഷ) – 32

(കുറിപ്പ്: സനാതന ധർമ്മം സംബന്ധിച്ചും, കൂടുതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്കത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം "9447211722" എന്ന നമ്പറിലേക്ക വാട്സാപ് അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പ വാണിയിൽ പ്രസിദ്ധീകരിക്കുന്നതാണ്)

**ചോദ്യങ്ങൾ:**

1. വൃശ്ചികം ഒന്നാം തീയതി മുതൽ വരുന്ന വർഷത്തേക്കുള്ള, ശബരിമല, മാളികപ്പുറം ക്ഷേത്രങ്ങളിലെ പുതിയ മേൽശാന്തിമാർ (മുഖ്യ പൂജാരിമാർ) ആരൊക്കെയാണ് ?
2. കേരളത്തിൽ എവിടെയാണ് 'മോഹിനി – ഹരികന്യക' ക്ഷേത്രം സ്ഥിതി ചെയ്യുന്നത്?
3. ആർഎസ്എസിന്റെ ഇപ്പോഴത്തെ സർസംഘചാലക് (തലവൻ) ആരാണ്?
4. ആദ്യമായി വിഷ്ണുസഹസ്രനാമം ആര്, ആർക്ക്, എപ്പോൾ ചൊല്ലിക്കൊടുത്തു.?
5. ചക്രപാണി എന്നറിയപ്പെടുന്ന ദൈവം?
6. ബ്രഹ്മാവിന്റെ വാഹനം ഏതാണ്?
7. ഭാരതത്തിൽ ആരുടെ ജന്മദിനമാണ് ദേശീയ ഐക്യദിനമായി ആചരിക്കുന്നത്?
8. ഗണപതി തന്റെ വക്രതുണ്ഡ അവതാരത്തിൽ വധിച്ച മത്സരാസുരന്റെ പിതാവ് ആരാണ്?
9. ശബരിമലയിലെ 'ശ്രീ ചിത്തിര ആട്ടവിശേഷം' എന്താണ് അർത്ഥമാക്കുന്നത്?
10. വർഷം 2023–ൽ മണ്ഡലപൂജയും 2024–ൽ മകരജ്യോതിയും എപ്പോൾ ആചരിക്കുന്നു?

## ഉത്തരങ്ങൾ (ക്വിസ് 31)

1. സൂര്യനിൽ നിന്നാണ് പുഷ്പക വിമാനം നിർമ്മിച്ചത്. സൂര്യന്റെ ഭാര്യ സംജ്ഞയ്ക്ക് അദ്ദേഹത്തിന്റെ ചൂട് അസഹനീയമായി തോന്നി. അവർ അച്ഛൻ വിശ്വ കർമ്മാവിനോട് പരാതി പറഞ്ഞു. അദ്ദേഹം സൂര്യന്റെ ഡിസ്ക് ഗ്രൈൻഡറിനടിയിൽ വെച്ചു. വളരെയധികം പരിശ്രമിച്ചതിന് ശേഷം അദ്ദേഹത്തിന് സൂര്യന്റെ ചൂടിന്റെ 1/8 ഭാഗം നീക്കം ചെയ്യാൻ കഴിഞ്ഞു. ഇത് വിഷ്ണുവിന്റെ സുദർശന ചക്രമായും, ശിവന്റെ ത്രിശൂലമായും, സുബ്രഹ്മണ്യന്റെ ശക്തിയായും (വേൽ), പുഷ്പക വിമാനമായും പരിവർത്തനം ചെയ്തു.
2. ദ്വാപരയുഗത്തിലാണ് വേദവ്യാസൻ ജനിച്ചത്.
3. രാവണന്റെ മകൻ ഇന്ദ്രജിത്തിന്റെ കൈവശം ത്രിമൂർത്തികളുടെയും ആയുധങ്ങൾ ഉണ്ടായിരുന്നു - ബ്രഹ്മാസ്ത്രം, വൈഷ്ണവാസ്ത്രം, പാശുപതാസ്ത്രം.
4. ഭാസ്കരാചാര്യർ ജ്യോതിശാസ്ത്രത്തെക്കുറിച്ചുള്ള ഗ്രന്ഥം - സിദ്ധാന്ത ശിരോമണി രചിച്ചു.
5. ടിബറ്റിലെ ഒരു ഉപ്പുവെള്ള തടാകമാണ് രാക്ഷസ്ഥൽ തടാകം, മാനസസരോവർ തടാകത്തിന്റെ പടിഞ്ഞാറും കൈലാസ പർവതത്തിന് തെക്കും സ്ഥിതിചെയ്യുന്നു. ഈ തടാക തീരത്താണ് രാവണൻ തപസ്സ് ചെയ്തത്.
6. അർജ്ജുനന്റെ ഭാര്യ ഉലൂപി, അബദ്ധത്തിൽ സ്വന്തം മകൻ ബഭ്രുവാഹനനാൽ കൊല്ലപ്പെട്ടപ്പോൾ, അർജ്ജുനനെ പുനരുജ്ജീവിപ്പിച്ചു.
7. ഗജേന്ദ്ര മോക്ഷത്തിന്റെ കഥയിൽ ഇന്ദ്രദ്യുമ്നൻ രാജാവ് ശാപത്താൽ ആനയായി മാറി.
8. ശ്രീമദ്നാരായണീയം രചിച്ചത് 1586-ൽ കേരളത്തിലെ പ്രശസ്ത സംസ്കൃത കവികളിലൊരാളായ മേൽപ്പത്തൂർ നാരായണ ഭട്ടതിരിയാണ്.
9. ഇന്ത്യയുടെ രണ്ടാമത്തെ പ്രധാനമന്ത്രിയായ ലാൽ ബഹാദൂർ ശാസ്ത്രിയും ഒക്ടോബർ 2-ന് (വർഷം 1904, യുപിയിൽ) ജനിച്ചു.
10. ശബരിമല ക്ഷേത്രത്തിൽ 10 ദിവസത്തെ വാർഷിക ഉത്സവം മാർച്ച്-ഏപ്രിൽ - പങ്കുനി ഉത്രം - നടക്കുന്നു. ഉത്സവത്തിന് സ്വാമി അയ്യപ്പന് സ്നാനം - ആറാട്ട് പുണ്യ പമ്പയിൽ വച്ചാണ് നടത്തുന്നത്.

---

**മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ:**
ആരുമില്ല

---

## മാന്യ ഹരിയേട്ടന് ശ്രദ്ധാഞ്ജലി



രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മുതിർന്ന കാര്യകർത്താവായിരുന്ന ഹരിയേട്ടനെന്ന മാന്യ രംഗഹരിജി (93 വയസ്സ്) 29, ഒക്ടോബർ 2023-ന് എറണാകുളം അമൃത ആശുപത്രിയിൽ വെച്ച് വിഷ്ണുപദം പൂകി... 30-ന് തൃശ്ശിവപേരൂർ ജില്ലയിലെ പാമ്പാടി

ഐവർമഠം ശ്മശാനത്തിൽ വെച്ച് ശവസംസ്കാരം നടന്നു.

രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ അഖില ഭാരതീയ ബൗദ്ധിക പ്രമുഖ്, കേരള പ്രാന്ത പ്രചാരക് തുടങ്ങിയ നിരവധി ചുമതലകൾ വഹിച്ചിരുന്നു. കേരളത്തിൽ മാത്രമല്ല ദേശീയ തലത്തിൽ തന്നെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞ സാന്നിധ്യമായിരുന്ന ഹരിയേട്ടൻ പ്രമുഖനായ ദേശീയവാദിയും, ചിന്തകനും, എഴുത്തുകാരനും, ദാർശനികനും, വാഗ്മിയുമെല്ലാമായിരുന്നു.

രംഗ ഹരിജി അഥവാ ഹരിയേട്ടൻ രാജ്യത്തെ ഏറ്റവും മുതിർന്ന ആർഎസ്എസ് പ്രചാരകരിൽ ഒരാളും ചിന്തകനുമായിരുന്നു. 1930-ലെ വൃശ്ചിക മാസത്തിലെ രോഹിണി നാളിൽ എറണാകുളത്തായിരുന്നു ജനനം. കോളേജ് കാലഘട്ടത്തിൽ തന്നെ ആർഎസ്എസിന്റെ ഭാഗമായി മാറിയ ആർ. ഹരി, ശേഷം മുഴുവൻ സമയ പ്രവർത്തകനായി (പ്രചാരകൻ) ബ്രഹ്മചര്യം സ്വീകരിച്ചു.. തൃശ്ശൂർ, പാലക്കാട്, തിരുവനന്തപുരം, എറണാകുളം നഗരങ്ങൾ കേന്ദ്രമാക്കി പ്രവർത്തിച്ചു. അടിയന്തരാവസ്ഥ കാലഘട്ടത്തിൽ കേരളത്തിൽ കെ. ഭാസ്കർ റാവുജി, പി. മാധവ്ജി എന്നിവർക്കൊപ്പം ആർഎസ്എസിന്റെ രഹസ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അടിയന്തരാവസ്ഥയ്ക്കെതിരെ ആർഎസ്എസ് പ്രചരിപ്പിച്ചിരുന്ന രഹസ്യ ലേഖനങ്ങളായ കുരുക്ഷേത്രയുടെ ചുമതലക്കാരനായിരുന്നു അദ്ദേഹം.

1980-ൽ കേരള പ്രാന്ത ബൗദ്ധിക് പ്രമുഖ് ആയി നിയമിക്കപ്പെട്ടു. 1981ൽ സഹപ്രാന്ത പ്രചാരക് ആയി. 1983ൽ പ്രാന്ത പ്രചാരക് ആയി നിയമിക്കപ്പെട്ട ആർ. ഹരി 1994 വരെ ആ പദവിയിൽ തുടർന്നു. അതോടൊപ്പം തന്നെ 1990-ൽ അദ്ദേഹം അഖില ഭാരതീയ സഹബൗദ്ധിക് പ്രമുഖ്, 1991-ൽ ബൗദ്ധിക് പ്രമുഖ് ആയി നിയമിക്കപ്പെട്ടു. 2005 വരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. 1994 മുതൽ 2005 വരെ ഏഷ്യയിലെയും ആസ്ട്രേലിയയിലെയും ഹിന്ദു സ്വയംസേവക് സംഘത്തിന്റെ പ്രഭാരിയായിരുന്നു. ഈ ചുമതലയോട് ബന്ധപ്പെട്ട് അദ്ദേഹം അഞ്ചു ഭൂഖണ്ഡങ്ങളിൽപെട്ട 22 രാജ്യങ്ങളിൽ യാത്ര ചെയ്തു. ലിത്വാനിയയിൽ 2001-ൽ നടന്ന ക്രിസ്തുപൂർവ്വ മതങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു. വളരെ കാലം ആർഎസ്എസ് അഖില ഭാരതീയ കാര്യകാരി സദസ്യനായും പ്രവർത്തിച്ചു.

മലയാളത്തിൽ 43 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഹിന്ദിയിൽ 12-ഉം ഇംഗ്ലീഷിൽ രണ്ടും പുസ്തകങ്ങൾ രചിച്ചു. സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ നിന്നും മലയാളത്തിലേക്ക് നിരവധി പുസ്തകങ്ങൾ വിവർത്തനം ചെയ്തിട്ടുണ്ട്..

സ്വർഗ്ഗീയ ഹരിയേട്ടന്റെ വിയോഗത്തിൽ ശബരിമല അയ്യപ്പ സേവാ സമാജം ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.. അദ്ദേഹത്തിന്റെ ആത്മാവിന്റെ മോക്ഷ പ്രാപ്തിക്കായി സ്വാമി അയ്യപ്പ സന്നിധിയിൽ പ്രാർത്ഥിക്കുന്നു...സ്വാമിയേ ശരണം അയ്യപ്പാ..

————————————————————————

# വാർത്തകൾ

*ഇന്ന് 2023 നവംബർ 09 ഉത്രം - സ്വാമി അയ്യപ്പന്റെ ജന്മനക്ഷത്രം. SASS ന്റെ ആഭിമുഖ്യത്തിൽ, ലോകമെമ്പാടുമുള്ള അയ്യപ്പഭക്തർ സ്വന്തം വീടുകളിലും സമീപ ക്ഷേത്രങ്ങളിലും ഉത്രം പൂജ നടത്തുന്നു.

* 2023 ഒക്ടോബർ 7-ന് ഈറോഡിൽ വച്ച് സർവശ്രീ ടി.ബി. ശേഖർജി, വി. കൃഷ്ണപ്പാജി, എസ്. വിനോദ്കുമാർജി എന്നിവരുടെ നേതൃത്വത്തിൽ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്ത SASS-ന്റെ കേന്ദ്ര അന്നദാനം കമ്മിറ്റി യോഗം നടന്നു. കേരളത്തിലെ വിവിധ അയ്യപ്പസേവാ കേന്ദ്രങ്ങളിലും തമിഴ്നാട്ടിലെയും കർണാടകത്തിലെയും അതിർത്തി പ്രദേശങ്ങളിലുമുള്ള അയ്യപ്പസേവാ കേന്ദ്രങ്ങളിലും അന്നദാനം നടത്തുവാൻ തീരുമാനിച്ചു. സ്ട്രെച്ചർ സർവീസ്, മെഡിക്കൽ സർവീസ്, സ്വച്ഛ് എരുമേലി, സ്വച്ഛ് ശബരിമല, മറ്റ് സേവന പ്രവർത്തനങ്ങൾ എന്നിവയും പതിവുപോലെ നടത്താനും, എന്നാൽ കൂടുതൽ അയ്യപ്പസേവകരുടെ പങ്കാളിത്തത്തോടെ, കൂടുതൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് നടത്താനും തീരുമാനിച്ചു.

*SASS തൃശ്ശൂർ ജില്ലാ കമ്മിറ്റിയും (കേരളം) വിവിധ ഹിന്ദു സംഘടനകളും ചേർന്ന് 13-ാമത് ഹിന്ദു ധർമ്മ പരിഷത്തും, ശക്തൻ - അയ്യപ്പൻ വിളക്കും 2023 ഡിസംബർ 1, 2, 3 തീയതികളിൽ 3 ദിവസങ്ങളിലായി ആഘോഷിക്കാൻ തീരുമാനിച്ചു. ഹരിവരാസനം ശതാബ്ദിയോടനുബന്ധിച്ചുള്ള സെമിനാറുകളും പ്രത്യേക പരിപാടികളും ആഘോഷങ്ങളിൽ ഉൾപ്പെടുന്നു. വിവിധ ആചാര്യന്മാരും ആത്മീയ കാര്യങ്ങളിൽ വിദഗ്ധരും പങ്കെടുക്കുന്ന സെമിനാറുകളും പ്രത്യേക പൂജകളും ഉണ്ടാകും. അലങ്കരിച്ച ആനകളെ അണിനിരത്തി, പഞ്ചവാദ്യം, ഉടുക്ക് പാട്ട്, ചിന്തു പാട്ട് തുടങ്ങിയവയുടെ അകമ്പടിയോടെയുള്ള വിളക്ക് എഴുന്നെള്ളിപ്പും വിപുലമായ പരമ്പരാഗത രീതിയിലുള്ള അയ്യപ്പൻ വിളക്കും അവസാന ദിനത്തിലെ പ്രത്യേകതയാണ്.

*കൊങ്കൺ പ്രാന്തിലെ SASS മുളുണ്ട് ജില്ല ഹരിവരാസനം ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് 2023 ഒക്ടോബർ 28 ന് ഘാട്കോപറിൽ വച്ച്, പ്രശസ്ത വീരമണി രാജു സംഘം നയിച്ച ഭക്തിഗാനങ്ങൾ, നൃത്തങ്ങൾ, ഭജനകൾ തുടങ്ങി വിവിധ പരിപാടികളോടെ വിപുലമായ അയ്യപ്പ മഹാസംഗമം നടത്തി.

* SASS ഡൽഹി സംസ്ഥാന കമ്മിറ്റിയുടെ യോഗം ഒക്ടോബർ 27-ന് ഡൽഹി, ഫിറോസ്ഷാ റോഡിൽ (നം.3) വെച്ച് സർവശ്രീ വേണുഗോപാൽജി, ശ്രീനിവാസൻജി, ഗണേശൻജി എന്നിവരുടെ നേതൃത്വത്തിൽ നടന്നു. എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി സംസ്ഥാന കമ്മിറ്റി പുനഃസംഘടിപ്പിക്കാനും സംഘടനാ പ്രവർത്തനങ്ങൾ വിപുലീകരിക്കാനും, ഹരിവരാസനം ശതാബ്ദി ആഘോ

ഷങ്ങൾ ഉൾപ്പെടെ വിവിധ പരിപാടികൾ നടത്താനും തീരുമാനിച്ചു.

* SASS ഗുജറാത്ത് ടീം സംഘടിപ്പിക്കുന്ന ഗുജറാത്തിൽ നിന്നുള്ള, 45 പേരുള്ള സംഘത്തിന്റെ രണ്ടാമത്തെ ശബരിമല തീർഥാടനം 2023 നവംബർ 27 ന് ആരംഭിക്കും. ഗുരുവായൂർ, കാലടി, ചോറ്റാനിക്കര തുടങ്ങിയ പ്രശസ്ത ക്ഷേത്രങ്ങളിൽ പ്രാർത്ഥിച്ച ശേഷം സംഘം 29, 30 തീയതികളിൽ ശബരിമലയിൽ സ്വാമി അയ്യപ്പ ദർശനം നടത്തും. മടക്കയാത്രയിൽ അമ്പലപ്പുഴ, ശിവഗിരി, പത്മനാഭ സ്വാമി ക്ഷേത്രം, ആറ്റുകാൽ ദേവി ക്ഷേത്രം തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിച്ച ശേഷം ഡിസംബർ 5-ന് ഗുജറാത്തിൽ തിരിച്ചെത്തുന്നു.

**ശബരിമല ക്ഷേത്രം തുറക്കുന്ന / അടയ്ക്കുന്ന തീയതികൾ.**

**അടുത്ത 27 ദിവസങ്ങളിൽ.**

**ശ്രീ ചിത്തിര ആട്ട തിരുനാൾ ഉത്സവത്തിനായി** 2023 നവംബർ 10 ന് വൈകുന്നേരം 5 മണിക്ക് തുറന്ന് 11 ന് രാത്രി 10 മണിക്ക് അടയ്ക്കും.

**മണ്ഡല പൂജാ തീർത്ഥാടന കാലം** 2023 നവംബർ 16 ന് വൈകുന്നേരം 5 മണിക്ക് ക്ഷേത്രം തുറക്കുന്നതിലൂടെ ആരംഭിക്കുന്നു, ഡിസംബർ 27 ന് രാത്രി 11 വരെ തുറന്നിരിക്കും.

**മകരവിളക്ക് തീർത്ഥാടന** കാലത്തിനായി 2023 ഡിസംബർ 30 ന് വൈകുന്നേരം 5 മണിക്ക് ക്ഷേത്രം തുറക്കുകയും 2024 ജനുവരി 20 ന് രാവിലെ 6.00 ന് അടയ്ക്കുകയും ചെയ്യും.

***************

നിഷേധക്കുറിപ്പ് : ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച്, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

ശബരിമല അയ്യപ്പ സേവാ സമാജത്തിനുവേണ്ടി, പി. ഷൺമുഖാനന്ദൻ, നാഷ്ണൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി, നാഷ്ണൽ അഡ്മിനിസ്ട്രേഷൻ ഓഫീസ്, അയ്യപ്പവിഹാർ, വിയ്യൂർ, തൃശ്ശൂർ, കേരളം - 680010, നിന്ന് പ്രസിദ്ധീകരിക്കുന്നത്